കേരള സർക്കാർ

# ബജറ്റ് പ്രസംഗം

2006–2007

വക്കം പുരുഷോത്തമൻ
ധനകാര്യ മന്ത്രി

10 ഫെബ്രുവരി 2006

# ഉള്ളടക്കം


| ഭാഗം – എ | പേജ് നമ്പർ |
|---|---|
| സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി | 4 |
| ആസൂത്രണ സാമ്പത്തികകാര്യം | 8 |
| പോലീസ് | 9 |
| ജയിൽ | 9 |
| അഗ്നിശമന സുരക്ഷാസേന | 10 |
| നീതിന്യായം | 10 |
| ശാസ്ത്ര സാങ്കേതിക വിദ്യ | 10 |
| വിവരസാങ്കേതിക വിദ്യ | 10 |
| പ്രവാസിക്ഷേമം | 12 |
| പൊതുഭരണം | 12 |
| ഭക്ഷ്യവും പൊതുവിതരണവും | 13 |
| പട്ടികജാതി-പട്ടികവർഗ്ഗ വികസനം | 14 |
| കലയും സംസ്കാരവും | 16 |
| പുരാരേഖ | 16 |
| യുവജനക്ഷേമം | 16 |
| അച്ചടി | 17 |
| ഊർജ്ജം | 17 |
| തൊഴിൽ | 18 |
| മത്സ്യബന്ധനം | 20 |
| സ്പോർട്സ് | 21 |
| വ്യവസായം | 22 |
| വ്യവസായവും വാണിജ്യവും | 22 |
| കെ.എസ്.ഐ.ഡി.സി. | 23 |
| കിൻഫ്ര | 23 |
| മൈനിംഗും ജിയോളജിയും | 23 |
| പരമ്പരാഗത വ്യവസായങ്ങൾ | 23 |
| സാമൂഹ്യക്ഷേമം | 25 |
| കൃഷിയും അനുബന്ധമേഖലകളും | 26 |
| കൃഷി | 26 |
| മൃഗസംരക്ഷണം | 28 |

ക്ഷീരവികസനം 29

കയർ 30

പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ 32

പഞ്ചായത്ത് 32

കുടുംബശ്രീ–ആശ്രയ പദ്ധതികൾ 33

ക്ലീൻ കേരള പദ്ധതി. 34

നഗരകാര്യം 34

നാഷണൽ അർബൻ റിന്യൂവൽ മിഷൻ 34

റവന്യൂ 34

സർവ്വേയും ഭൂരേഖയും 35

ഭവനനിർമ്മാണം 36

വിദ്യാഭ്യാസം 37

പൊതുവിദ്യാഭ്യാസം 37

ഉന്നത വിദ്യാഭ്യാസം 37

ഹയർസെക്കന്ററി വിദ്യാഭ്യാസം 38

പൊതുമരാമത്ത് 38

സഹകരണം 40

തുറമുഖം 41

ഗതാഗതം 42

വനം–വന്യജീവി 43

ജലവിഭവം 43

ജലസേചനം 43

ആരോഗ്യവും കുടുംബക്ഷേമവും 45

ഗ്രാമവികസനം 47

രജിസ്ട്രേഷൻ 47

ധനകാര്യം 48

വാണിജ്യനികുതി 48

എക്സൈസ് 49

ട്രഷറി 50

ലോട്ടറി 50

വിനോദസഞ്ചാരം 50

ഭാഗം – ബി 52

ഭാഗം – സി 59

*സർ,*

2006–'07 -ലേയ്ക്കുള്ള ബജറ്റ് സാഭിമാനം ഞാൻ അവതരിപ്പിക്കുന്നു.

2. കഴിഞ്ഞുപോയ വർഷം ദേശീയതലത്തിലും സംസ്ഥാനതലത്തിലും വികസനത്തിൽ ഒരു കുതിച്ചുചാട്ടത്തിന്റെയും പുത്തനുണർവ്വിന്റെയും വർഷമായിരുന്നു. ആഗോളതലത്തിൽ ഭാരതം ഇന്ന് രാഷ്ട്രീയമായും സാമ്പത്തികമായും ഏവരും ഉറ്റുനോക്കുന്ന ഒരു രാഷ്ട്രമായി മാറിക്കഴിഞ്ഞിരിക്കുന്നു. വിഭാഗീയതകൾക്കും മറ്റും അതീതമായി ഈ മഹാ രാജ്യത്തെ ഓരോ പൗരനും "ഞാൻ ഒരു ഇന്ത്യാക്കാരനാണ്" എന്ന് അഭിമാനപുരസരം തലയുയർത്തിപറയുന്നതിൽ ആഹ്ളാദിക്കുന്ന ഒരു സ്ഥിതി വിശേഷം വന്നുകഴിഞ്ഞു. നമ്മുടെ ഈ രാജ്യം ഒരു കുതിച്ചുചാട്ടത്തിന് ആരംഭം കുറിച്ചു കഴിഞ്ഞു. വികസിത രാഷ്ട്രങ്ങളെല്ലാം തന്നെ നമ്മെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു. സാമുദായിക സംഘർഷങ്ങളുടെയും ദാരിദ്ര്യത്തിൻെറയും അനിശ്ചിതാവസ്ഥയുടെയും പ്രതീകമായല്ല അവർ നമ്മെ ഇപ്പോൾ കാണുന്നത്. മറിച്ച്, സാമ്പത്തിക വളർച്ചയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു രാഷ്ട്രത്തെയും ആഗോള വ്യതിയാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളാൻ വെമ്പൽകൊള്ളുന്ന പ്രബുദ്ധരായ ഒരു ജനതയെയുമാണ് ലോകം ഭാരതത്തിൽ ഇന്ന് ദർശിക്കുന്നത്. നാം പുറം ലോകത്തെ ആകാംക്ഷയോടെ നോക്കുന്ന സ്ഥിതിവിശേഷം മാറി, അവർ നമ്മെ പ്രതീക്ഷയോടെ നോക്കുന്ന ഒരു കാലം വന്നുകൊണ്ടിരിക്കുന്നു. ആഗോള തലത്തിൽ തലയുയർത്തി നിൽക്കുന്ന പുതിയ ഒരു നേതൃ രാഷ്ട്രത്തെക്കാണുവാൻ ഒന്നോ രണ്ടോ തലമുറകൾ കൂടി കാത്തിരിക്കേണ്ട കാര്യമില്ല; ഒന്നോ രണ്ടോ പതിറ്റാണ്ടുകൾക്കുള്ളിൽ അതു സാദ്ധ്യമാകുമെന്ന് എനിക്കുറപ്പുണ്ട്.

3. ഈ കഴിഞ്ഞ ഒന്നോ രണ്ടോ വർഷങ്ങൾകൊണ്ടുമാത്രം എന്തെല്ലാം വ്യതിയാനങ്ങൾ സംഭവിച്ചുകഴിഞ്ഞു? ഐക്യപുരോഗമനസഖ്യം അധികാരത്തിൽ വന്നപ്പോൾ സംശയങ്ങൾ പ്രകടിപ്പിച്ച രാഷ്ട്രീയ പാർട്ടികളും നിരീക്ഷകരും ഇപ്പോൾ മൗനം പാലിക്കുകയാണ്. രാജ്യത്തെ പ്രധാന പ്രതിപക്ഷപാർട്ടി തങ്ങൾക്കുണ്ടായ അപ്രതീക്ഷിത പരാജയത്തിൽനിന്നും കരകയറിയിട്ടില്ലെന്നു മാത്രമല്ല, വ്യക്തികൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ ഫലമായി ശിഥിലീകരണത്തെ നേരിട്ടു കൊണ്ടിരിക്കുകയുമാണ്.

ഐക്യ പുരോഗമനസഖ്യം കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ടുമിരിക്കുന്നു. വികസനത്തിലേയ്ക്കും പുരോഗതിയിലേയ്ക്കും നമ്മുടെ നാട്ടിലെ ഓരോ പൗരനെയും നയിച്ചുകൊണ്ടിരിക്കുന്ന ഈ രാഷ്ട്രീയ നേതൃത്വത്തിന് എന്തെങ്കിലും ദൗർബല്യമുണ്ടെന്ന് രാഷ്ട്രീയ പ്രബുദ്ധതയുള്ള ആരും തന്നെ പറയുകയില്ല. നല്ല ഈ തുടക്കം അടുത്ത മൂന്നു വർഷത്തിനുള്ളിൽ നിർത്താനാവാത്ത ഒരു വികസന കൊടുങ്കാറ്റായി മാറുമെന്നതിൽ സംശയം വേണ്ട.

4. വികസന കാര്യത്തിൽ കേരള സംസ്ഥാനവും ഒട്ടും പിന്നിലല്ല. 2002-'03 മുതൽ സംസ്ഥാന സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കാനും യഥാർത്ഥ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദന വളർച്ചാനിരക്ക് കഴിഞ്ഞ നാലുവർഷമായി ദേശീയ ശരാശരിയേക്കാൾ ഉയർന്ന 8 ശതമാനത്തിനുമുകളിൽ നിലനിർത്താനും കഴിഞ്ഞിട്ടുണ്ട്. 2005-'06-ൽ യഥാർത്ഥ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദന വളർച്ച 8.1 ശതമാനമായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

5. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ കഴിഞ്ഞ വർഷങ്ങളിലെ നേട്ടം സൂചിപ്പിക്കുന്ന കണക്കുകളിൽ ഡൽഹിക്കും ചാണ്ഡിഗറിനും തൊട്ടുപിന്നിലാണ് കേരളത്തിന്റെ സ്ഥാനം.

6. കഴിഞ്ഞ ദശകത്തിലെ വളർച്ചയ്ക്ക് നയിച്ച പ്രധാന ഘടകം തൃതീയ മേഖലയായ സേവന മേഖലയായിരുന്നെങ്കിലും അടുത്തകാലത്തായി ദ്വിതീയ മേഖല (ഉൽപ്പാദന മേഖല) രണ്ടക്ക വളർച്ച കൈവരിച്ചിരുന്നു. 2005-'06 -ൽ ദ്വിതീയ മേഖലയുടെ യഥാർത്ഥ വളർച്ച 10.2 ശതമാനമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് സേവന മേഖലയിലെ പൊതുവേയുള്ള വളർച്ചാനിരക്കായ 9.9 ശതമാനത്തേക്കാൾ അല്പം ഉയർന്നതോതിലാണ്.

7. വളരെ നാളത്തെ ഇടവേളയ്ക്കുശേഷം സംസ്ഥാനത്ത് പുതിയ നിക്ഷേപങ്ങൾ വരുന്നതിനു വേണ്ടിയുള്ള ആഗോള നിക്ഷേപക സമ്മേളനം പോലുള്ള സർക്കാരിന്റെ നിരന്തരമായ ഉദ്യമങ്ങൾക്ക് ഫല പ്രാപ്തി കണ്ടുതുടങ്ങിയതിന്റെ ശക്തമായ തെളിവുകളുണ്ട്. സ്വകാര്യ നിക്ഷേപം കൂടുകയും നിക്ഷേപക വിശ്വാസം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

പൊതു-സ്വകാര്യ പങ്കാളിത്തം, വിശേഷിച്ചും നിർണ്ണായകമായ അടിസ്ഥാന വികസന രംഗത്ത്, വർദ്ധിപ്പിക്കുന്നതിന് സർക്കാർ നിരന്തര പരിശ്രമം നടത്തിവരികയാണ്. അടുത്ത ഏതാനും വർഷങ്ങൾക്കകം പ്രതീക്ഷിക്കുന്ന 50,000 കോടി രൂപയുടെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മുഖേന തൊഴിൽ സാദ്ധ്യതകൾ ഗണ്യമായ തോതിൽ വർദ്ധിക്കുന്നതിനുപുറമെ ഇപ്പോഴത്തെ വളർച്ചാനിരക്ക് നിലനിർത്തുന്നതിനും, ഒരു പക്ഷേ കൂട്ടുന്നതിനും സാധിക്കുമെന്ന് കരുതുന്നു. വല്ലാർപ്പാടം ടെർമിനൽ, വിഴിഞ്ഞം തുറമുഖ വികസനം, തുറമുഖാടിസ്ഥാന പ്രത്യേക സാമ്പത്തിക മേഖലയോടൊപ്പമുള്ള കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ, കൊച്ചി റിഫൈനറിയിലെ 'സിംഗിൾ ബോയ് മൂറിംഗ്', പുതിയ പെട്രോകെമിക്കൽ കോംപ്ലക്സ്, ഗോശ്രീ പാലങ്ങളുടെയും ദ്വീപുകളുടെയും വികസനം, കൊച്ചി മെട്രോ, കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി, റയിൽപാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും, ദേശീയപാത നാലുവരിയാക്കൽ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഈ പദ്ധതികളിൽ പലതിന്റെയും സ്ഥലമെടുപ്പും 'ധനസമാപ്തി'യും (Financial closure) വളരെ പുരോഗമിച്ചു കഴിഞ്ഞു. ഈ വമ്പിച്ച പദ്ധതികൾക്ക് കേരളത്തിന്റെ സമ്പദ്ഘടനയെ ഏതാനും വർഷങ്ങൾകൊണ്ട് മാറ്റിമറിക്കുവാനുള്ള കഴിവുണ്ട്. ഇത്തരം ചരിത്ര പ്രധാനമായ ഉദ്യമങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്.

8. കേരളത്തിലെ രാഷ്ട്രീയ സ്ഥിതിയും ഡൽഹിയിലേതിൽ നിന്നും വിഭിന്നമല്ല. കേരളം വീണ്ടുമൊരു തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. കേരള ജനതയുടെ വികാരമാണ് ഈ കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ ഈ സഭയിൽ നടന്ന ചർച്ചയിൽ പ്രതിഫലിച്ചതെങ്കിൽ ഭരണ കക്ഷിക്ക് ഒന്നും ഭയപ്പെടാനില്ല. 5 വർഷത്തെ ഭരണത്തിനുശേഷവും ഈ ഗവൺമെന്റിനെതിരെ പ്രതിപക്ഷത്തിന് കാര്യമായൊന്നും തന്നെ പറയാനില്ല. ഒഴിഞ്ഞ ആവനാഴിയിലെ ഒടിഞ്ഞ ചില അമ്പുകൾ വീണ്ടും വീണ്ടും അവർ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. എതിരാളിയുടെ ആവനാഴിയിൽ പ്രത്യേക ചില അസ്ത്രങ്ങളുണ്ടോ, എങ്കിലത് എന്ന് പ്രയോഗിക്കും എന്നൊക്കെ മാത്രമാണ് ഈ പ്രതിപക്ഷത്തിന്റെ ആകാംക്ഷ. എതിരാളിയിൽ നിന്നും വരുമെന്ന് പ്രതീക്ഷിക്കുന്ന ഈ അസ്ത്രങ്ങൾ ചിലപ്പോൾ സ്വന്തം താവളത്തിൽ നിന്നുതന്നെ വന്നുകൂടായ്കയില്ലേ എന്ന ഉൽക്കണ്ഠയുമുണ്ടോ എന്നും

സംശയിക്കേണ്ടിയിരിക്കുന്നു. മാത്രവുമല്ല. അസ്ത്രമാണെന്നുകരുതിയ ചില ആയുധങ്ങൾ അതല്ലെന്ന് സ്വന്തം ചില പോരാളികൾ തന്നെ മനസ്സിലാക്കിയ സ്ഥിതിക്ക് ഇനിയെന്തുവേണം എന്ന സംശയത്തിലാണ് അവർ എന്നും കാണുന്നു. പോരാട്ടത്തിന് മുമ്പെങ്കിലും ഈ സംശയങ്ങളെല്ലാം ദുരീകരിക്കണമേ എന്നു മാത്രമേ എനിക്ക് ഉപദേശിക്കാനുള്ളൂ.

സർ,

9. ഞാൻ എന്റെ കർത്തവ്യത്തിലേയ്ക്ക് കടക്കട്ടെ. കഴിഞ്ഞ ബജറ്റ് അവതരിപ്പിച്ചപ്പോൾ ചില സാമ്പത്തിക അനിശ്ചിതാവസ്ഥകളെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. വാറ്റ് സംവിധാനം നടപ്പിൽ വരുന്നതുമൂലമുള്ള അനിശ്ചിതാവസ്ഥ, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് വരാത്തതിലുള്ള അനിശ്ചിതാവസ്ഥ, എന്നിങ്ങനെ. ഇതെല്ലാം പ്രതികൂലമായിരുന്നെങ്കിൽകൂടി ഞാൻ അവതരിപ്പിച്ച കഴിഞ്ഞ ബജറ്റിന് അവയെയെല്ലാം ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. സാമ്പത്തികമായി നാം പതറിയിട്ടില്ല. ഇനി പതറുകയുമില്ല.

## സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

10. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലാവധി പൂർത്തിയാക്കാൻ ഏതാനും മാസം മാത്രം ബാക്കിയുള്ള ഈ അവസരത്തിൽ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി വിവരിക്കുമ്പോൾ ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്. 1996 –ൽ എൽ.ഡി.എഫ്. സർക്കാരിന് അധികാരം കൈമാറുമ്പോൾ ഏതാണ്ട് 462 കോടി രൂപ ട്രഷറിയിൽ അധികമായി ഉണ്ടായിരുന്നു. 2001 മേയിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കൈമാറിക്കിട്ടിയത് ഒരു ഒഴിഞ്ഞ ഖജനാവും ഒട്ടേറെ ബാദ്ധ്യതകളുമായിരുന്നു. ചെറിയ തുകകൾക്കുള്ള ചെക്കുകളും ബില്ലുകളും മാറിക്കിട്ടുന്നതിന് പോലും മാസങ്ങളുടെ കാത്തിരിപ്പു വേണ്ടിവന്നിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം എപ്പോൾ അനുവദിച്ചു കിട്ടുമെന്നുള്ള അനിശ്ചിതമായ കാത്തിരിപ്പിലായിരുന്നു. സർക്കാർ ജീവനക്കാർ കുടിശ്ശികയായ ഡി.എ. ലഭിക്കുമോ എന്നു പോലും സംശയിച്ചിരുന്നു. പെൻഷൻകാർക്ക് ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷനും സമയത്തിന് ലഭിച്ചിരുന്നില്ല. അന്ന് സർക്കാർ ഇറക്കിയ ധവളപത്ര പ്രകാരം 4020 കോടി രൂപയുടെ കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകളുണ്ടായിരുന്നു.

11. ഈ ദയനീയ സ്ഥിതിയിൽ നിന്നും സംസ്ഥാനത്തിന്റെ ധനസ്ഥിതി ഇന്ന് ഏറെ മെച്ചപ്പെട്ട അവസ്ഥയിലാണെന്ന് പറയുവാൻ എനിക്കതിയായ സന്തോഷമുണ്ട്. 2000–'01–ൽ 213 ദിവസം സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിരുന്നു. എന്നാൽ ഈ വർഷം ഇതുവരെ 47 ദിവസം മാത്രമേ സംസ്ഥാനം ഓവർഡ്രാഫ്റ്റിലായിട്ടുള്ളൂ. 2005 ഒക്ടോബർ 1 മുതൽ ഇന്നു വരെയുള്ള നാലുമാസക്കാലയളവിൽ വെറും 7 ദിവസം മാത്രമാണ് ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നത്. പദ്ധതിയേതര ചെലവുകൾ നിയന്ത്രിച്ചും റവന്യൂ വരുമാനം മെച്ചപ്പെടുത്തിയും സംസ്ഥാനത്തിന്റെ ധനസ്ഥിതി ശരിയായ പന്ഥാവിൽ കൊണ്ടുവരുമെന്ന് ഈ സർക്കാർ നൽകിയ ഉറപ്പു പാലിച്ചു എന്ന് എനിക്ക് നിസ്സംശയം പറയാം. റവന്യൂ ചെലവുകളുടെ ശരാശരി വാർഷിക വളർച്ചാനിരക്ക് 1996–2001 കാലയളവിൽ 21 ശതമാനമായിരുന്നത് 2001–'05 കാലയളവിൽ 11 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു. ഈ കാലയളവിൽ യാതൊരുവിധ അധിക നികുതിയും ഏർപ്പെടുത്താതെ റവന്യൂ വരുമാനത്തിന്റെ ശരാശരി വാർഷിക വളർച്ചാനിരക്ക് 12.2 ശതമാനത്തിൽ നിന്നും 13.6 ശതമാനമായി ഉയർത്തുവാൻ സാധിച്ചു. 1999–2000, 2000–'01 വർഷങ്ങളിൽ റവന്യൂകമ്മി യഥാക്രമം റവന്യൂ വരുമാനത്തിന്റെ 46 ശതമാനവും 36 ശതമാനവുമായിരുന്നത് 2003–'04–ൽ 32 ശതമാനവും 2004–'05–ൽ 27 ശതമാനവുമായി കുറച്ചുകൊണ്ടു വരുവാൻ സർക്കാരിന് സാധിച്ചു. റവന്യൂ കമ്മിയുടെയും ധനക്കമ്മിയുടെയും ഉയർച്ച താഴ്ചകൾ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനവുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്യുക എന്നതാണ് ശാസ്ത്രീയമായ രീതി. 2000–'01–ൽ റവന്യൂകമ്മിയും ധനക്കമ്മിയും യഥാക്രമം മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.51 ശതമാനവും 5.60 ശതമാനവും ആയിരുന്നത് 2004–'05–ൽ യഥാക്രമം 3.65 ശതമാനവും 4.43 ശതമാനവുമായി കുറയ്ക്കാൻ കഴിഞ്ഞു. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതി ചെലവുകൾ, പ്രത്യേകിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ടി.പി. അക്കൗണ്ടുകളിലേയ്ക്കും പി.ഡി. അക്കൗണ്ടുകളിലേയ്ക്കും മാറ്റിയിട്ട് യഥാർത്ഥ ചെലവായി സർക്കാർ കണക്കിൽ കാണിച്ചിരുന്നു. മുൻകാലങ്ങളിൽ പേരിന് വേണ്ടി മാത്രം ചെലവായി കണക്കാക്കിയിരുന്ന ഈ തുകകൾ യഥാർത്ഥത്തിൽ ഈ സർക്കാരിന്റെ കാലത്ത് കൊടുത്തു തീർക്കുകയായിരുന്നു. ഇപ്പോഴാകട്ടെ

പബ്ലിക്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന സമ്പ്രദായം പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മാത്രവുമല്ല. ഇപ്പോൾ പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം കൃത്യമായി നൽകുകയും ചെയ്യുന്നു. ഇപ്പോൾ പദ്ധതി ചെലവായി കണക്കാക്കുന്നത് യഥാർത്ഥത്തിൽ ചെലവഴിച്ച തുകകൾ മാത്രമാണ്. ഈ പശ്ചാത്തലത്തിൽ, 2001–'02 മുതൽ 2004–'05 വരെയുള്ള നാലുവർഷക്കാലത്ത് 14003.46 കോടി രൂപ പദ്ധതിയിനത്തിൽ യഥാർത്ഥത്തിൽ ചെലവഴിച്ചുകൊണ്ടു തന്നെ റവന്യൂ കമ്മിയിലും ധന കമ്മിയിലും കുറവുവരുത്താൻ സാധിച്ചത് ഒരുനേട്ടമായി ഞാൻ കരുതുന്നു.

12. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ തന്നെ വിഭവ സമാഹരണം ഏകദേശം പൂർണ്ണമായും കടമെടുപ്പിലൂടെ കണ്ടെത്തേണ്ടി വന്നിരുന്നു. ഇത് പലിശയിനത്തിലുള്ള ചെലവ് ഓരോ വർഷവും വർദ്ധിക്കുന്നതിന് കാരണമായി. ഇതേ കാരണം കൊണ്ടുതന്നെ പത്താം പദ്ധതിക്കാലത്ത് സർക്കാരിന്റെ റവന്യൂ വരുമാനവും പദ്ധതിയേതര ചെലവും തമ്മിലുള്ള അന്തരം [ബി.സി.ആർ (BCR)] ക്രമാതീതമായി വർദ്ധിച്ചുവന്നു ഇക്കാരണത്താലും പദ്ധതി അടങ്കൽ വർദ്ധിച്ചതോതിലായതിനാലും കടബാദ്ധ്യതയിൽ വർദ്ധനവുണ്ടാവുക തികച്ചും സ്വാഭാവികമാണ്. 1996–'01 എന്ന 5 വർഷ കാലഘട്ടത്തിൽ കടബാദ്ധ്യത 136% കണ്ടു വർദ്ധിച്ചു. 2000–'01, വർഷാവസാനത്തിൽ 23919 കോടിയായിരുന്ന കട ബാദ്ധ്യത 2004–'05 അവസാനമായപ്പോൾ 41878 കോടി രൂപയായി വർദ്ധിച്ചു. അതായത് 4 വർഷം കൊണ്ട് 75%. കടബാദ്ധ്യതയുടെ വളർച്ചാനിരക്ക് കുറയ്ക്കുന്നതോടൊപ്പം തന്നെ പലിശയിനത്തിലുള്ള ചെലവ് പരമാവധി കുറയ്ക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ കടമെടുത്ത് മുൻകാലങ്ങളിൽ ഉയർന്ന നിരക്കിൽ (10 മുതൽ 17 ശതമാനം വരെ) എടുത്തിരുന്ന കടങ്ങൾ തിരിച്ചടയ്ക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും എടുത്തിരുന്ന 2606 കോടി രൂപയും, എൻ.സി.ഡി.സി. (NCDC) -യിൽ നിന്നും എടുത്തിരുന്ന 150 കോടി രൂപയും, നബാർഡിൽ നിന്ന് എടുത്തിരുന്ന 305 കോടി രൂപയും ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്ന് എടുത്തിരുന്ന 217 കോടി രൂപയും എൽ.ഐ.സി. -യിൽ നിന്നും എടുത്തിരുന്ന 2595 കോടി രൂപയും ഇപ്രകാരം കുറഞ്ഞ പലിശനിരക്കിലുള്ള കടമായി മാറ്റിയിട്ടുണ്ട്.

13. സർക്കാർ വകുപ്പുകളും പ്രാദേശിക സർക്കാരുകളും വിതരണം ചെയ്യുന്ന ചെക്കുകളെ ഇന്ന് ആരും വണ്ടിച്ചെക്കെന്നു പറഞ്ഞ് അധിക്ഷേപിക്കുന്നില്ല. 2005–'06 തുടക്കം മുതൽ തന്നെ ട്രഷറി നിയന്ത്രണങ്ങൾ ക്രമേണ കുറച്ചുകൊണ്ടുവന്നു. ഇപ്പോൾ നാമമാത്രമായ ചില നിയന്ത്രണങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇപ്പോൾ 1 ലക്ഷം രൂപ വരെയുള്ള ഏതു ചെലവും ഒരു നിയന്ത്രണവുമില്ലാതെ ട്രഷറിയിൽ നിന്നും മാറാവുന്നതാണ്. പദ്ധതിയേതര ചെലവിനെ സംബന്ധിച്ചിടത്തോളം ഏതു കണക്കിനത്തിൽ നിന്നായാലും ഒരു ദിവസം 50 ലക്ഷം രൂപ വരെ എല്ലാ മാസത്തിലെയും അഞ്ചാമത്തെ പ്രവർത്തി ദിവസം മുതൽ ഏതു ദിവസവും അനുവദിക്കുന്നതാണ്. എൽ.സി. ചെക്കുകൾക്ക് ഇപ്പോൾ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളും ബാധകമാക്കിയിട്ടില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ചികിത്സാനുകൂല്യങ്ങൾക്കുള്ള നിയന്ത്രണം പൂർണ്ണമായും പിൻവലിച്ചിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്ത് സ്ഥിതി എന്തായിരുന്നുവെന്ന് ഞാൻ ആരെയും ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ.

14. പദ്ധതി ചെലവുകൾക്കും പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ടിനും മറ്റും 01.01.2006 മുതൽ 28.02.2006 വരെ യാതൊരുവിധ നിയന്ത്രണങ്ങളുമില്ല. ഇത് 31.03.2006 വരെ തുടരണമെന്നാണ് എന്റെ ആഗ്രഹം.

15. 2001 മെയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 873 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുണ്ടായിരുന്നു. ഈ തുകകൾ പൂർണ്ണമായും കൊടുത്തു തീർത്തു കഴിഞ്ഞു. ഇതിന് പുറമെ പിൽക്കാലത്ത് ചെയ്ത പണികൾക്കുള്ള തുകകളും നൽകിവരുന്നു. 17.05.2001 മുതൽ 31.03.2005 വരെ കരാറുകാർക്ക് നൽകേണ്ടിയിരുന്ന 2430 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. അഗതി പെൻഷൻ, വികലാംഗ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം എന്നിവയുടെ കുടിശ്ശിക പൂർണ്ണമായും തീർത്തുകഴിഞ്ഞു. മാത്രമല്ല എല്ലാ മാസവും ഒന്നാം തീയതി

തന്നെ ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങളും ഒപ്പം പണവും അനുവദിച്ചിട്ടുണ്ട്.

16. ഇതെല്ലാം സൂചിപ്പിക്കുന്നത് 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിലനിന്നിരുന്ന അനിശ്ചിതത്വവും സാമ്പത്തിക അരാജകത്വവും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ ചിട്ടയായ ധനകാര്യ ഭരണത്തിന് വഴിമാറി എന്നതാണ്. ഈ ഉറപ്പായ അടിസ്ഥാന ശിലയിൽ നിന്നും കെട്ടിപ്പടുക്കുവാനുദ്ദേശിക്കുന്നതാണ് എന്റെ ഈ ബജറ്റ്.

## ആസൂത്രണ സാമ്പത്തികകാര്യം

17. ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രഖ്യാപിച്ചതും ഈ നിയമസഭ അംഗീകരിച്ചതുമായ വിഷൻ 2010 എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നതോടൊപ്പം സംസ്ഥാന സർക്കാർ വിഹിതവും നൽകുന്നതാണ്.

18. സർക്കാരിന്റെ വിവിധ വികസനപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തേണ്ടത് അത്യാവശ്യമാകയാൽ സംസ്ഥാന ആസൂത്രണ ബോർഡ് സ്വന്തം നിലയ്ക്കും പ്രശസ്തമായ ഗവേഷണ സ്ഥാപനങ്ങളോടും തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിതര സംഘടനകളോടും ചേർന്ന് സർവ്വേകളും പഠനങ്ങളും നടത്തുന്നതും ബോർഡിലെ സാങ്കേതിക വിദഗ്ദ്ധർക്ക് പരിശീലനം നൽകുന്നതുമാണ്. ഇതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തുന്നു. കേന്ദ്രീകൃത പദ്ധതി നിരീക്ഷണ യൂണിറ്റിൽ റിപ്രോഗ്രാഫിക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 10 ലക്ഷം രൂപയും പദ്ധതി നിരീക്ഷണ ചെലവുകൾക്കായി 1.25 ലക്ഷം രൂപയും ഞാൻ നീക്കിവയ്ക്കുന്നു. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ അവസ്ഥ സംബന്ധിച്ച ഒരു വിശദമായ പഠനം 2006-'07-ൽ നടത്താൻ ഉദ്ദേശിക്കുന്നു. കേന്ദ്ര വാട്ടർ റിസോഴ്സസ് മന്ത്രാലയം ആവിഷ്ക്കരിച്ച പദ്ധതി അനുസരിച്ച് ചെറുകിട ജലസേചന പദ്ധതികളുടെ സ്ഥിതിവിവരക്കണക്കുകൾ ഏകീകരിക്കുന്നതിനും പ്രത്യേക പഠനങ്ങളും സർവ്വേകളും സംഘടിപ്പിക്കുന്നതിനും നാലാമത് മൈനർ ഇറിഗേഷൻ സെൻസസ് 2006-'07-ൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ, ഏഴാമത് കാർഷിക സെൻസസ് 2006-'07-ൽ നടത്തുന്നതാണ്.

## പോലീസ്

19. പോലീസിൽ നിന്നും സാധാരണക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നിരവധി നടപടികൾ ഈ ഗവൺമെന്റ് ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. നിയമ വാഴ്ചയും പൊതുജനങ്ങളുടെ സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതോടൊപ്പം ജനപ്രതിനിധികൾക്ക് പോലീസിൽ നിന്ന് മാന്യമായ പെരുമാറ്റവും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

20. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 17 ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകൾ കൂടി സ്ഥാപിക്കുന്നതിനും ഈ യൂണിറ്റുകളിലെ പോലീസുകാർക്ക് **'കിറ്റ്സ്'** (KITTS) മുഖേന പരിശീലനം നൽകുന്നതിനും പരിപാടിയുണ്ട്.

21. പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി പോലീസ് ഓഫീസുകളുടെ **'ഓട്ടോമേഷൻ'** ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

22. ദുർബ്ബല വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ സത്വര നടപടി കൈക്കൊള്ളുന്നതിനും ഗിരിവർഗ്ഗ വിഭാഗക്കാരുടെ പരാതികൾ പ്രത്യേകമായി പരിഗണിച്ച് അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതിനുമായി പാലക്കാട് ജില്ലയിലെ അഗളിയിൽ ഒരു പോലീസ് സബ്ഡിവിഷൻ ആരംഭിച്ചുകഴിഞ്ഞു. അഗളി, മണ്ണാർക്കാട് പോലീസ് സർക്കിളുകൾ ഉൾപ്പെടുത്തി ഇത് പുനഃസംഘടിപ്പിക്കുന്നതാണ്.

## ജയിൽ

23 സംസ്ഥാനത്തെ ജയിലുകളിലെ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് 20 ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. മഴവെള്ള സംഭരണികൾ സ്ഥാപിച്ച് ജയിലുകളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതാണ്. തിരുവനന്തപുരത്ത് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉടൻ പൂർത്തിയാക്കും. അടുത്ത ഘട്ടത്തിൽ കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകൾ, കോഴിക്കോട് ജില്ലാ ജയിൽ എന്നിവയിലും ഈ സംവിധാനം സ്ഥാപിക്കും.

## അഗ്നിശമന സുരക്ഷാ സേന

24. കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ഡിവിഷണൽ ഓഫീസുകൾ ആരംഭിക്കുന്നതാണ്. സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി സ്കൈ ലിഫ്റ്റ്, വെൽ ലിഫ്റ്റ്, ഫയർ സ്യൂട്ട് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കും.

## നീതിന്യായം

25. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കോടതി സമുച്ചയം 80 കോടിയിലധികം രൂപ ചെലവഴിച്ച് ഹൈക്കോടതിയ്ക്ക് വേണ്ടി നിർമ്മിച്ചു കഴിഞ്ഞു. വഞ്ചിയൂരിൽ ജില്ലാ കോടതിക്കു സമീപത്തായി ഒരു കോടതി സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കോഴിക്കോടും പാലായിലും ഓരോ കോടതി സമുച്ചയം നിർമ്മിക്കുന്നതാണ്.

## <u>ശാസ്ത്ര സാങ്കേതിക വിദ്യ</u>

26. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം 53 കോടി രൂപ വകയിരുത്തുന്നു.

27. തീരദേശ സംരക്ഷണത്തിന് ബദൽ സാങ്കേതിക വിദ്യയിലൂന്നിയ നിരവധി പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു.

28. ജൈവസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ നീക്കിവയ്ക്കുന്നു.

## വിവര സാങ്കേതികവിദ്യ

29. വിവര സാങ്കേതികവിദ്യാ മേഖലയിൽ സർക്കാർ കൈക്കൊണ്ട പരിശ്രമങ്ങൾക്ക് വൻ വിജയം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കേരളം വൻകിട ഐ.ടി. കമ്പനികളുടെ നിക്ഷേപ കേന്ദ്രമായി മാറിക്കഴിഞ്ഞു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഇൻഫോസിസ്, റ്റി.സി.എസ്. വിപ്രോ, എ.സി.എസ്. ഒ.പി.ഐ, അലയൻസ് കോൺഹിൽ, ആർ.എം. എഡ്യൂക്കേഷൻ മുതലായ

വൻകിട ഐ.റ്റി. കമ്പനികൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളം വിവര സാങ്കേതികവിദ്യയുടെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ കൂടുതൽ സ്ഥലസൗകര്യങ്ങൾ വിവര സാങ്കേതികവിദ്യാ കമ്പനികൾക്കായി ഒരുക്കേണ്ടതുണ്ട്. ഇതിനായി തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് 500 ഏക്കർ സ്ഥലം 'ടെക്നോ സിറ്റി' എന്ന പേരിൽ വികസിപ്പിച്ചെടുക്കും. തിരുവനന്തപുരം ടെക്നോ പാർക്കിന്റെ രണ്ടും മൂന്നും ഘട്ട വികസനത്തിന്റെ ഭാഗമായി 186 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയാക്കി വരും വർഷം വികസിപ്പിക്കും.

30. ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരുമായുള്ള സംയുക്ത സംരംഭത്തിലൂടെ കൊച്ചിയിലെ കാക്കനാട് 300 ഏക്കർ സ്ഥലത്ത് 'സ്മാർട്ട് സിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിച്ചുവരികയാണ്. ഏകദേശം 33,000 പേർക്ക് പ്രത്യക്ഷമായും ഒരു ലക്ഷം പേർക്ക് പരോക്ഷമായും ഈ പദ്ധതി മുഖേന തൊഴിൽ ലഭിക്കുന്നതായിരിക്കും.

31. ഫ്രണ്ട്സ്, ഇ-പേ, സിറ്റിസൺസ് കാൾ സെന്റർ എന്നീ ജനോപകാരപ്രദമായ പദ്ധതികൾ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കും. സർക്കാർ ആഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സേവനദായക സ്ഥാപനങ്ങൾ എന്നിവയെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (K-SWAN) വരും വർഷം നടപ്പിലാക്കും. മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ 'അക്ഷയ' കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതി 6 ജില്ലകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതാണ്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരളയ്ക്ക് (IIITM-K) സ്ഥിരം കാമ്പസ് സ്ഥാപിക്കുന്നതായിരിക്കും. ഇതിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു. ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ സംസ്ഥാനത്ത് ടെലിമെഡിസിനും ടെലി വിദ്യാഭ്യാസത്തിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കും.

32. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന 'ഫ്രണ്ട്സ്' ജനസേവന കേന്ദ്രങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങൾ സംസ്ഥാനത്ത് പുതുതായി ഏഴു ജില്ലകളിൽ ആരംഭിച്ചിട്ടുള്ള 1300 അക്ഷയ കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കും.

## പ്രവാസി ക്ഷേമം (നോർക്ക)

33. വിദേശ മലയാളികളുടെ വിഭവശേഷി ഉല്പാദനക്ഷമമായ സാമ്പത്തിക പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുന്നതിനായി എൻ.ആർ.ഐ സംരംഭകർക്കും ബിസിനസ്സുകാർക്കും മാത്രമായി ഒരു പ്രത്യേക സാമ്പത്തിക മേഖല സജ്ജീകരിക്കുന്നതാണ്.

34. പ്രവാസി ഭാരതീയരുടെ സഹായത്തോടെ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും ഓരോ എൻ.ആർ.ഐ ക്ലബ്ബുകൾ സ്ഥാപിക്കുന്നതാണ്. 2006-'07-ൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2 കോടി 50 ലക്ഷം രൂപ ഞാൻ നീക്കി വയ്ക്കുന്നു.

## പൊതുഭരണം

35. അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി അവരുടെ തന്നെ ഒരു അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുന്നതാണ്. അപകടമരണം സംഭവിക്കുന്ന ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെയും കുടുംബത്തിന് ഏഴുലക്ഷം രൂപയെങ്കിലും ഇൻഷ്വറൻസ് ലഭിക്കത്തക്കവിധം ആയിരിക്കും ഇത്.

36. 16.01.2002 മുതൽ 31.05.2003 വരെയുള്ള കാലയളവിൽ ജോലിയിൽ പ്രവേശിച്ച സർക്കാർ ഉദ്യോഗസ്ഥർക്ക് ക്ഷാമബത്തയും മറ്റു അലവൻസുകളും നൽകിയിരുന്നില്ല. ഏകദേശം 80 കോടിയോളം വരുന്ന പിടിച്ചു വച്ച ഈ തുക തിരിച്ചു നൽകുന്നതാണ്.

37. സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള കൂടിയ ശമ്പളം മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം നൽകുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. ശമ്പള പരിഷ്കരണം ഏതു തീയതി മുതൽ

നടപ്പിലാക്കണം എന്നതു സംബന്ധിച്ച് വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരുമായും സംഘടനാ നേതാക്കന്മാരുമായും ചർച്ച ചെയ്ത് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

38. എല്ലാ സർക്കാർ ഉദ്യോഗസ്ഥൻമാർക്കും കമ്പ്യൂട്ടർ വാങ്ങാൻ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള സൗകര്യം സർക്കാർ ഉണ്ടാക്കിക്കൊടുക്കും. തിരിച്ചടയ്ക്കേണ്ട തുക ശമ്പളത്തിൽനിന്നും പിടിച്ച് ബാങ്കുകളിൽ അടയ്ക്കാൻ സംവിധാനം ഉണ്ടാക്കും.

39. സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങളും അവരുടെ ശമ്പളത്തെ സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന സംയോജിത പെഴ്സണൽ-പേറോൾ മാനേജ്മെന്റ് സിസ്റ്റം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളിലേക്കും ഇത് ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## ഭക്ഷ്യവും പൊതുവിതരണവും

40. അവശ്യ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും വിപണിയിലെ സജീവസാന്നിധ്യം സഹായകരമായിട്ടുണ്ട്. മാവേലി സ്റ്റോറുകളിലൂടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതു വഴി വിപണിയിലെ വിലക്കയറ്റത്തിന്റെ ആഘാതത്തിൽ നിന്നും സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

41. 'അന്നപൂർണ' പദ്ധതിയിൽ വൃദ്ധരായ അഗതികൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്നതിന് 54 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. 'അന്നപൂർണ' പദ്ധതിക്കു വേണ്ടിവരുന്ന ബാക്കി തുക മുഴുവനും കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി നൽകുന്ന അന്ത്യോദയ അന്നയോജന പദ്ധതിയിൽ

1.24 ലക്ഷം ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുന്നതാണ്. ഈ പദ്ധതിക്കായി 10 കോടി രൂപ ഞാൻ അധികമായി നീക്കിവയ്ക്കുന്നു.

42. ഭരണ നവീകരണത്തിന്റെ ഭാഗമായി 63 താലൂക്ക് സപ്ലൈ ആഫീസുകളിലും 6 സിറ്റി റേഷനിംഗ് ആഫീസുകളിലും സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി ഞാൻ 150 ലക്ഷം രൂപ വകയിരുത്തുന്നു.

43. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 80 കോടി രൂപ ചെലവിൽ ഒരു ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കോന്നിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വികസനം

44. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി സ്കോളർഷിപ്പും മറ്റു സൗകര്യങ്ങളും നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി 1 കോടി 30 ലക്ഷം രൂപ മാറ്റിവയ്ക്കുന്നതിൽ എനിക്ക് അതീവ സന്തോഷമുണ്ട്.

45. യൂണിവേഴ്സിറ്റി ഹോസ്റ്റൽ മാതൃകയിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഓരോ ഹോസ്റ്റലുകൾ പുതുതായി പണിയുന്നതിന് 40 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ഞാൻ നീക്കിവക്കുകയാണ്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് എന്നീ 5 ജില്ലകളിൽ ആവശ്യാനുസരണം ആൺകുട്ടികളുടെ ഹോസ്റ്റൽ പണിയുന്നതിന് 60 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

46. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വ്യാവസായിക പരിശീലന കേന്ദ്രങ്ങൾക്കും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിന് സ്ഥലം വാങ്ങുവാനും മാതൃകാ റസിഡൻഷ്യൽ ഐ.റ്റി.സി. കളുടെ കെട്ടിട നിർമ്മാണത്തിനുമായി 4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രീ എക്സാമി

മേഷൻ ട്രെയിനിംഗ് സെന്ററുകളുടെ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു.

47. പട്ടികജാതി ഡയറക്ടറേറ്റിലെ പഴകി ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റി പകരം ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിന് 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

48. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന നഴ്സിംഗ് കോളേജിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണത്തിനും നിലവിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ കൂടുതൽസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 2 കോടി 50 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

49. പട്ടികജാതിക്കാരിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് 2 കോടി 50 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. പട്ടികജാതിക്കാരിലെ ഭൂരഹിതരും ഭവനരഹിതരുമായ ഏറ്റവും ദരിദ്രരായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടത്തിപ്പിന് 150 ലക്ഷം രൂപയും നീക്കി വയ്ക്കുകയാണ്.

50. ഇതിനൊക്കെപ്പുറമെ അംബേദ്കർ ഭവനത്തിന്റെ പൂർത്തീകരണത്തിന് 4 കോടി രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുരുതരമായ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിന് 1 കോടി രൂപയും പ്രത്യേകം കരുതിയിട്ടുണ്ട്.

51 ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 10 കോടി രൂപയും, പദ്ധതി അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ കോർപ്പസ് ഫണ്ട് ഇനത്തിൽ 6 കോടി 71 ലക്ഷം രൂപയും സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമേകുവാനുള്ള പദ്ധതിക്ക് 55 ലക്ഷം രൂപയും, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ പ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് 25 ലക്ഷം രൂപയും എന്റെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ട്രൈബൽ പ്രമോട്ടേഴ്സ് എന്ന പരിപാടി തുടരുന്നതാണ്. ഭക്ഷ്യ സഹായ പരിപാടിക്ക് അടുത്ത വർഷം 1 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്. അസുഖം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പരിപൂർണ്ണ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിക്ക് 50 ലക്ഷം രൂപയും പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

52. ആദിവാസി ജനവിഭാഗത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 5 പ്രിമിറ്റീവ് ട്രൈബുകളിലെ 50 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പെൻഷൻ നൽകുന്നതാണ്.

53. പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിക്കുന്നതാണ്.

**കലയും സംസ്കാരവും**

54. ചെമ്പഴന്തി ശ്രീനാരായണ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ വികസനത്തിന് 25 ലക്ഷം രൂപയും തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെ വികസനത്തിന് 25 ലക്ഷം രൂപയും വകകൊള്ളിക്കുന്നു.

**പുരാരേഖ**

55. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മകുടോദാഹരണങ്ങളായ താളിയോല ഗ്രന്ഥങ്ങളും കയ്യെഴുത്തു പ്രതികളും കടലാസിലുള്ള എല്ലാ രേഖകളും അടുത്ത വർഷം ഡിജിറ്റലൈസ് ചെയ്ത് ശാസ്ത്രീയമായി സംരക്ഷിക്കാനുദ്ദേശിക്കുന്നു. നാഷണൽ ആർക്കൈവ്സിലും തമിഴ്നാട് സംസ്ഥാന ആർക്കൈവ്സിലും ഉള്ള കേരളത്തെ സംബന്ധിച്ച എല്ലാ റെക്കാർഡുകളും 2006-'07 -ൽ കേരളത്തിലേയ്ക്ക് മാറ്റുന്നതാണ്.

**യുവജനക്ഷേമം**

56. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗത്തിൽ യുവജന ക്ലബ്ബുകൾ രൂപീകരിച്ച് വിദേശത്ത് നിന്നും 'ഇന്റർനെറ്റ്' മുഖേന ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള പരിശീലനം നൽകുവാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. 13 മുതൽ 19 വയസ്സുവരെയുള്ള കൗമാര പ്രായക്കാരുടെയും 20 മുതൽ 35 വയസ്സുവരെ പ്രായമുള്ള

യുവജനങ്ങളുടെയും ശാക്തീകരണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## അച്ചടി

57. സർക്കാർ പ്രിന്റിംഗ് പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി പ്രസ്സുകൾക്ക് ആധുനിക അച്ചടി യന്ത്രങ്ങൾ വാങ്ങുന്നതിനായി 1 കോടി 75 ലക്ഷം രൂപയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 90 ലക്ഷം രൂപയും ഞാൻ വകയിരുത്തുന്നു. അച്ചടി വകുപ്പിന്റെ കീഴിൽ പ്രിന്റിംഗ് ടെക്നോളജിയിൽ ബി.ടെക് കോഴ്സ് നടത്താൻ കഴിയത്തക്കവിധമുള്ള ഒരു പ്രിന്റിംഗ് അക്കാഡമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഞാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ഊർജ്ജം

58. 2009 -ഓടു കൂടി എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനാവശ്യമായ അധിക വൈദ്യുതി ഉൽപ്പാദനം, പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ വിതരണ ശൃംഖല വ്യാപിപ്പിക്കൽ മുതലായവയ്ക്ക് സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സുസജ്ജമാണ്.

59. കഴിഞ്ഞ 4 വർഷക്കാലയളവിൽ 196.10 മെഗാവാട്ട് അധിക ജല വൈദ്യുതി ഉൽപ്പാദനശേഷി കൈവരിക്കാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. 10.5 മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള **'മലങ്കര ജലവൈദ്യുത പദ്ധതിയും'** 223 ദശലക്ഷം യൂണിറ്റ് ശേഷിയുള്ള **'കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമും'** നടപ്പുവർഷം കമ്മീഷൻ ചെയ്തിട്ടുണ്ട്. 3.5 മെഗാവാട്ട് ശേഷിയുള്ള **'ലോവർ മീൻമുട്ടി പദ്ധതി'** 2007 മാർച്ചോടെ കമ്മീഷൻ ചെയ്യാൻകഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2006–'07 -ൽ 128.75 മെഗാവാട്ട് ഉൽപ്പാദനശേഷിയും 313.25 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതി ഉൽപ്പാദനവും ലക്ഷ്യമിടുന്നു. 2006–'07 -ൽ 78 പുതിയ സബ്സ്റ്റേഷനുകളും 1038 കിലോമീറ്റർ ലൈനുകളും സ്ഥാപിക്കുന്നതാണ്.

60. കഴിഞ്ഞ നാലു വർഷ കാലയളവിൽ 15.87 ലക്ഷം പുതിയ കണക്ഷനുകളും 2005-'06 -ൽ മാത്രം 3.87 ലക്ഷം കണക്ഷനുകളും ഇതേവരെ നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ആവശ്യക്കാർക്കും 2007 -ഓടെ വൈദ്യുതി ലഭ്യമാക്കും.

61. 2001-'02 -ൽ 32.15 ശതമാനമായിരുന്ന പ്രസരണ വിതരണ നഷ്ടം 2005-'06 -ൽ 24.84 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടമായി ഞാൻ കരുതുന്നു. 2006-'07 -ൽ ഇത് 23.15 ശതമാനമായി കുറയ്ക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഫലമായി 60 കോടിയിൽപരം രൂപ പ്രതിവർഷം ലാഭിക്കുന്നതാണ്.

62. 2002 ഒക്ടോബറിന് ശേഷം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലെങ്കിലും ബോർഡിന്റെ റവന്യൂ കമ്മി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതിന് അംഗീകാരമെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് നടപ്പുവർഷം 64.94 കോടി രൂപ പ്രോത്സാഹനമായി നൽകിയിട്ടുണ്ട്.

63. ജനുവരി 2006 മുതൽ ഗാർഹിക ഉപഭോക്താക്കളുടെയും ചെറുകിട-വാണിജ്യ ഉപഭോക്താക്കളുടെയും ചില സ്ലാബുകളിൽ യൂണിറ്റിന് 20 പൈസയുടെ കുറവ് അനുവദിച്ചതുമൂലം 2005-'06 -ൽ 30 കോടി രൂപയുടെയും 2006-'07 -ൽ ഏകദേശം 115 കോടി രൂപയുടെയും പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിക്കും.

64. സുനാമി ബാധിത മേഖലയിൽ കേടായ വൈദ്യുതി ശൃംഖലയുടെയും ട്രാൻസ്ഫോർമറുകളുടെയും പുനരുദ്ധാരണത്തിനായി വൈദ്യുതി ബോർഡിന് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടെ 19 കോടി 9 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

## തൊഴിൽ

65. കഴിഞ്ഞ നാലുവർഷമായി കേരളത്തിലെ തൊഴിൽമേഖലയിൽ നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തുടർന്നും നിലനിർത്തുന്നതാണ്.

അടുത്ത വർഷം ബീഡി തൊഴിലാളികൾക്കുവേണ്ടി 'ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്കീം' നടപ്പാക്കും. അന്തർ-സംസ്ഥാന കുടിയേറ്റതൊഴിലാളിനിയമം കൂടുതൽ കർശനമായി നടപ്പാക്കുന്നതാണ്. തൊഴിൽ വകുപ്പ് കമ്മിഷണറേറ്റ്, വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ് എന്നിവയ്ക്കുവേണ്ടിയുള്ള ലേബർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 34 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആരംഭിച്ച ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതാണ്. തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. സ്വർണ്ണ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കാനും ഉദ്ദേശമുണ്ട്. മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പുതിയ സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്ന കാര്യം പരിഗണിക്കും. യഥാസമയം പുതുക്കുവാൻ കഴിയാതെ റദ്ദായിപ്പോയ രജിസ്ട്രേഷൻ സീനിയോറിറ്റി നഷ്ടപ്പെടാതെ പുതുക്കുന്നതിന് ഒരവസരംകൂടി നൽകുന്നതാണ്.

66. സംസ്ഥാനത്തെ ഐ.റ്റി.ഐ. കളുടെ നവീകരണത്തിനായി 5 കോടി 25 ലക്ഷം രൂപ വകയിരുത്തുന്നു. ദേശീയ-അന്തർദേശീയ നിലവാരത്തിനനുസൃതമായ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ വാർത്തെടുക്കുന്നതിനുതകുന്ന പുതിയ കോഴ്സുകൾ ആരംഭിക്കുന്നതും, കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സെന്റേഴ്സ് ഓഫ് എക്സലെൻസ്' കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. നിലവിലുള്ള ഐ.റ്റി.ഐ. കളുടെ നിലവാരം ഉയർത്തുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് കാമ്പസ് സെലക്ഷൻ വഴി ജോലി ലഭിക്കുന്നതിനുള്ള 'പ്ലെയ്സ്മെന്റ് സെല്ലുകൾ' ശക്തിപ്പെടുത്തുന്നതുമാണ്. ആവശ്യാനുസരണം കൂടുതൽ സ്ഥലങ്ങളിൽ പുതിയ ഐ.റ്റി.ഐ. കൾ ആരംഭിക്കുന്നതിനും വനിത ഐ.റ്റി.ഐ.കൾ ഒന്നാംകിട നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പുതിയ ഐ.റ്റി.ഐ. കൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ കോഴ്സുകൾ നടത്തുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്.

67. തൊഴിൽജന്യ രോഗങ്ങൾ കണ്ടുപിടിച്ച് വിദഗ്ദ്ധവൈദ്യസഹായം ഉറപ്പാക്കുന്നതിലേക്കായി ഒരു ഒക്യുപേഷണൽ ഹെൽത്ത് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. എഴുകോൺ, പാരിപ്പള്ളി എന്നിവിടങ്ങളിലെ ഇ.എസ്.ഐ. ആശുപത്രികളിൽ പ്രത്യേക ആയുർവേദ, ഹോമിയോ വിഭാഗങ്ങൾ ആരംഭിക്കുന്നതാണ്. പെരിന്തൽമണ്ണയിൽ ഒരു പുതിയ ഇ.എസ്.ഐ. ആശുപത്രി തുടങ്ങുന്നതുമാണ്.

## മത്സ്യബന്ധനം

68. ഒരു വലിയ ജനവിഭാഗം തൊഴിലിന് വേണ്ടി ആശ്രയിക്കുന്നതും രാജ്യത്തിന് വിദേശ നാണ്യം വൻതോതിൽ നേടി തരുന്നതുമായ മേഖല എന്ന നിലയിൽ മത്സ്യബന്ധനം കേരളത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നു. ഈ പ്രാധാന്യം കണക്കിലെടുത്ത് 2006–'07 -ൽ പദ്ധതിയിനത്തിൽ ഈ മേഖലക്ക് 61 കോടി 36 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. ഇതുകൂടാതെ പുതുതായി രൂപീകരിച്ച തീരദേശ വികസന ഏജൻസിയിലൂടെ അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മത്സ്യബന്ധന വികസനത്തിനായി 10 കോടി രൂപയും വകയിരുത്തുന്നു. പ്രധാനമായും ഉൾനാടൻ മത്സ്യകൃഷി വികസനം, കടൽ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും, മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണം, സാമൂഹ്യ സുരക്ഷിതത്വവും തൊഴിൽ സുരക്ഷയും ഉറപ്പാക്കൽ, മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്ന സൂക്ഷ്മ സംരംഭങ്ങളുടെ പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 2006–'07 -ലെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

69. തീരപ്രദേശങ്ങളിലെ ആരോഗ്യ പരിപാലന സൗകര്യങ്ങൾ, ശുദ്ധജല വിതരണം, എന്നിവ വിപുലപ്പെടുത്തുന്നതിനും, മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുമുള്ള 'തീരദീപം' പദ്ധതി നടപ്പിലാക്കുന്നതിനും വഴികാട്ടി വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി 80 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഇലക്ട്രോണിക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനായി 50 ലക്ഷം രൂപയും ഞാൻ നീക്കിവയ്ക്കുന്നു.

70. ഉൾനാടൻ മേഖലയിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 'മൽസ്യ വർദ്ധിനി' എന്ന പുതിയ പദ്ധതി ആവിഷ്കരിക്കും. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി 'വിദ്യാസുരക്ഷ' എന്ന പുതിയ പദ്ധതി ആരംഭിക്കും. സർക്കാർ, സ്വാശ്രയ കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക്കൂടി ലഭ്യമാക്കും.

71. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി 40,000 രൂപ ചെലവു വരുന്ന വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. ഇതിലേയ്ക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

72. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായമുള്ള സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന വകുപ്പിൽ 12 കോടി 52 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

73. ഇതിനുപുറമെ നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ നിന്നുള്ള ധനസഹായം വിനിയോഗിച്ച് 20 കോടി രൂപയുടെ പദ്ധതികളും 2006–'07 -ൽ നടപ്പിലാക്കും.

## സ്പോർട്ട്സ്

74. കോഴിക്കോട്ടെ ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിന്റെ വികസനത്തിനായി സംസ്ഥാന പദ്ധതിയിൽ കീഴിൽ 10 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. ആറ്റിങ്ങലിൽ 110 ലക്ഷം രൂപ ചെലവിൽ ജില്ലാ സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതാണ്. ആറുവരി അത്‌ലറ്റിക് ട്രാക്ക്, ഫുട്ബാൾ, ഹോക്കി, വോളിബാൾ, ബാസ്ക്കറ്റ് ബാൾ, കബഡി, ഖൊ ഖൊ എന്നീ കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ, സ്പോർട്ട്സ് സാമഗ്രികൾ സൂക്ഷിക്കുന്നതിനും വസ്ത്രം മാറുന്നതിനും ടോയിലറ്റ് സൗകര്യത്തോടുകൂടിയ ചെറിയ കെട്ടിടം എന്നിവ ഉൾക്കൊള്ളുന്ന ഗ്രാമീണ സ്പോർട്ട്സ് സമുച്ചയം എല്ലാ പഞ്ചായത്തുകളിലും നിർമ്മിക്കുവാൻ സ്പോർട്ട്സ് വകുപ്പ്

ഉദ്ദേശിക്കുന്നു. തുടക്കമെന്നനിലയിൽ ഓരോ ജില്ലയിലും ഇത്തരത്തിലുള്ള ഓരോ ഗ്രാമീണ സ്പോർട്സ് സമുച്ചയം 2006-'07 -ൽ നിർമ്മിക്കുന്നതാണ്. കണ്ണൂരിലെ സ്പോർട്സ് സ്കൂളിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന പെൺകുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ കെട്ടിടം പണിയുന്നതാണ്

75. കൊച്ചിയിലെ നെഹ്റു സ്റ്റേഡിയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കുന്നതിനും 50 ലക്ഷം രൂപ വകയിരുത്തുന്നു.

76. തൊടുപുഴയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

## വ്യവസായം

### വ്യവസായവും വാണിജ്യവും

77. കേരളത്തിന്റെ വ്യാവസായിക പുരോഗതിയിൽ, പ്രത്യേകിച്ചും ചെറുകിട മേഖലയുടെയും സർവ്വീസ് മേഖലയുടെയും വളർച്ചയ്ക്ക്, വ്യവസായ-വാണിജ്യ വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ അഭിവൃദ്ധിയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങൾ തുടരേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി സിഡ്കോ (SIDCO) വഴി 5 ഇൻഡസ്ട്രിയൽ പാർക്കുകളിലും 2 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലുമായി 90 പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലൂടെ 300 പേർക്ക് പ്രത്യക്ഷമായും 2000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ലഭിക്കും. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന മുതൽമുടക്കിന് അനുയോജ്യമായി ബജറ്റിന്റെ ഒരുഭാഗം ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനായി പ്രത്യേകം മാറ്റിവയ്ക്കും. ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി നിലവിലുള്ള 'പ്രത്യാശ' പദ്ധതി 2006-'07-ൽ കൂടുതൽ ശക്തിപ്പെടുത്തും.

**കെ.എസ്.ഐ.ഡി.സി.**

**78** ഇൻഡസ്ട്രിയൽ പാർക്കുകളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക ഇൻഡസ്ട്രിയൽ പാർക്കുകളിൽ തുടങ്ങുന്ന ഒരു കോടിയിൽ താഴെ മുതൽ മുടക്കുള്ള സംരംഭങ്ങൾക്കും കെ.എസ്.ഐ.ഡി.സി ധനസഹായം നൽകുന്നതാണ്. കൊച്ചിയിൽ കാക്കനാട് ഭാഗത്ത് തുറമുഖാനുബന്ധ പ്രത്യേക സാമ്പത്തിക മേഖല, എൽ.എൻ.ജി. പദ്ധതി, അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻഷിപ്മെന്റ് ടെർമിനൽ (I.C.T.T.) മുതലായവയ്ക്കായി 900 ഏക്കർ സ്ഥലവും തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 100 ഏക്കർ സ്ഥലവും ഏറ്റെടുക്കും.

**കിൻഫ്ര**

**79.** സംയോജിത ടെക്സ്റ്റൈൽ പദ്ധതി പ്രകാരം പാലക്കാട്, കാസർഗോഡ് ജില്ലകളിൽ വസ്ത്ര നിർമ്മാണ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്ര വഴി സ്ഥലം ലഭ്യമാക്കും. ഈ പദ്ധതിയുടെ ചെലവിന്റെ 40 ശതമാനം വരെ കേന്ദ്ര സർക്കാർ ഓഹരി ധനസഹായമായി നൽകുന്നതാണ്

**മൈനിംഗും ജിയോളജിയും**

**80.** ജിയോളജിസ്റ്റുകൾക്കും ജിയോളജി വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടും വിധം ജിയോളജി മ്യൂസിയം നവീകരിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായങ്ങൾ**

**81.** കേരളത്തിലെ പരമ്പരാഗത വ്യവസായമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ സർക്കാരിന്റെ പ്രഥമ പരിഗണന അർഹിക്കുന്ന ജനവിഭാഗമാണ്. ഈ മേഖലയിലെ തൊഴിലാളികളുടെ കണ്ണീരൊപ്പാൻ സാദ്ധ്യമായ എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**82.** രണ്ടു ലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകുന്ന മേഖല എന്ന നിലയിൽ കൈത്തറിയിൽ ഗവൺമെന്റ് കൈക്കൊണ്ട സമാശ്വാസ നടപടികൾ തൊഴിലാളികൾക്ക് അനുഭവവേദ്യമായിട്ടുണ്ട്. സംസ്ഥാനത്തെയും പുറത്തെയും വസ്ത്ര വിപണിയിൽ കൈത്തറിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, കമ്പോളത്തിലെ വെല്ലുവിളികൾ

ഏറ്റെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകി തൊഴിലാളികളെ സജ്ജരാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൈത്തറി പ്രോൽസാഹനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികളിലായി ധനസഹായം നേടിയെടുക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

**83.** ഉൽപാദന കേന്ദ്രങ്ങൾ അനുബന്ധമായുള്ള നെയ്ത്തുസഹകരണ സംഘങ്ങൾക്ക് മിനി പ്രീ-ലൂം പ്രോസസ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 85 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

**84.** ബാലരാമപുരം ടെക്സ്റ്റയിൽ പ്രോഡക്ട് ഡെവലപ്മെന്റ് സെന്റർ വഴി പുതിയ സാങ്കേതിക വിദ്യ നെയ്ത്തുകാർക്ക് കൈമാറുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 21.50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

**85.** പ്രാഥമിക നെയ്ത്തു സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക നൽകുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.

**86.** കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ചരിത്രത്തിലാദ്യമായി നടപ്പുവർഷം 207 -ൽ അധികം തൊഴിൽ ദിനങ്ങൾ നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇത് 2006-'07 -ൽ 300 തൊഴിൽ ദിനങ്ങളായി വർദ്ധിപ്പിക്കും. തുടർച്ചയായ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷന്റെ സഹായത്തോടെ തോട്ടണ്ടി സംഭരിക്കുന്നതാണ്. മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതാണ്. 2006-'07 -ൽ കാപ്പക്സിന്റെ കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുകയും അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സേവനകേന്ദ്രം സ്ഥാപിക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു 'സേഫ്റ്റി നെറ്റ്" പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 2 കോടി രൂപ നീക്കി വയ്ക്കുന്നു.

## സാമൂഹ്യക്ഷേമം

87. കുട്ടികളുടെ വികസനം ലക്ഷ്യമാക്കി സാമൂഹ്യ ക്ഷേമവകുപ്പ് തയ്യാറാക്കിയ കർമ്മപരിപാടി ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമവികസനം, തദ്ദേശസ്വയംഭരണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ പൂർണ്ണമായും നടപ്പാക്കുന്നതാണ്.

88. പോഷകാഹാര നിലവാരം ഉയർത്തി പൊതുജനാരോഗ്യം ഉറപ്പുവരുത്തണം എന്നതാണ് ഭരണഘടനയുടെ 47-ാം ആർട്ടിക്കിൾ വിഭാവനം ചെയ്യുന്നത്. 6 വയസ്സ് തികയാത്ത കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് **'മാൽന്യൂട്രീഷൻ ഫ്രീ കേരള'** എന്ന പദ്ധതി നടപ്പാക്കുന്നതാണ്.

89. മാനസിക-ശാരീരിക വൈകല്യമുള്ളവർക്ക് പ്രത്യേക പദ്ധതികൾ രൂപീകരിക്കുന്നതിനായി ഇത്തരക്കാരുടെ കണക്കെടുപ്പ് നടത്തുന്നതാണ്. അന്ധരും ബധിരരും മൂകരും ബുദ്ധിമാന്ദ്യം ബാധിച്ചതുമായ വിദ്യാർത്ഥികൾ നൽകേണ്ടുന്ന ഫീസ് സർക്കാർ പ്രത്യേകം നിശ്ചയിക്കുകയും അത് സർക്കാർ നൽകുകയും ചെയ്യും. 5 കോടി രൂപ ഇതിന് വേണ്ടി വകയിരുത്തുന്നു.

90. സാമൂഹ്യരംഗത്ത് പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളെ പ്രോൽസാഹിപ്പിക്കാൻ ഏറ്റവും നല്ല സംഘടനയ്ക്ക് അവാർഡ് നൽകുന്നതാണ്.

91. സംസ്ഥാന വൃദ്ധനയം പ്രഖ്യാപിച്ച് സമ്പൂർണ്ണമായി നടപ്പിലാക്കുന്നതാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മാതൃകാ വൃദ്ധസദനങ്ങൾ നടത്തുന്നതിന് സർക്കാരേതര സംഘടനകളെ പ്രോൽസാഹിപ്പിക്കുന്നതാണ്.

92. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം പ്രതിമാസം 100 രൂപ വീതം വർദ്ധിപ്പിക്കുന്നു. അംഗൻവാടി ക്ഷേമനിധിയിൽ സംസ്ഥാനവിഹിതം വർദ്ധിപ്പിക്കും. അംഗൻവാടിയിലെ

ജോലിക്കാർക്കും സഹായികൾക്കുമുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കും.

93. മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കെ അത്യാഹിതം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന ധനസഹായം 10,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുന്നതാണ്.

## കൃഷിയും അനുബന്ധ മേഖലകളും

**കൃഷി**

94. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ കാർഷികമേഖല ഒരു മുഖ്യ പങ്കുവഹിക്കുന്നു. നെൽകൃഷി വികസനം, നാളികേര വികസന പദ്ധതി, കാർഷികവിള കയറ്റുമതി മേഖല, അഗ്രോക്ലിനിക് സംവിധാനം, ടെലിവിഷൻ പരിപാടിയായ '**കിസാൻ കൃഷി ദീപം**' എന്നിവയിലൂടെ കാർഷിക മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുക, കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുക, കാർഷികാഭിവൃദ്ധി യ്ക്കായി കൃഷിയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, കർഷക തൊഴിലാളികളുടെ കുറവ് പരിഗണിച്ച് യന്ത്രവൽക്കരണം വ്യാപിപ്പിക്കുക എന്നിവയ്ക്കും ഊന്നൽ നൽകുന്നതാണ്. നെൽകൃഷി വികസനത്തിനായി 18 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. അടുത്തവർഷം 25,000 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

95. തോട്ടം മേഖല ഉൾപ്പെടെയുള്ള കൃഷിയിൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തി 'അഗ്രികൾച്ചറൽ റിസർജൻസ് ഫണ്ട്' സ്വരൂപിക്കുന്നതാണ്. ഇതിനായി 50 കോടി രൂപ മാറ്റിവയ്ക്കുന്നു. ഏലം, കുരുമുളക് മുതലായ തോട്ടങ്ങളിൽ ഉൽപാദനക്ഷമത കൂടിയ സങ്കരയിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിനും മറ്റും ഈ ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്നതാണ്.

96. കേന്ദ്ര നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നാളികേര വികസനത്തിനായി കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ, നല്ലയിനം തൈകളുടെ വിതരണം, സംയോജിത വളപ്രയോഗം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ എന്നിയവ്ക്ക് 10 കോടി 23 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

97 ദേശീയ നീർമറി വികസന പദ്ധതിയിൽ കൃഷിവകുപ്പ്, മണ്ണു സംരക്ഷണവിഭാഗം, മറ്റ് അനുബന്ധവകുപ്പുകൾ എന്നിവയുടെ പദ്ധതികളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് 3 കോടി 51 ലക്ഷം രൂപയുടെ കേന്ദ്ര സർക്കാർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

98. ജൈവ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര-അന്താരാഷ്ട്ര തലത്തിൽ ആവശ്യം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അവയുടെ ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിനായി 2 കോടി രൂപയുടെ പദ്ധതിയാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കുരുമുളക്, നെല്ല്, പഴവർഗ്ഗങ്ങൾ എന്നീ വിളകളുടെ ജൈവ കൃഷിയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

99. ഹോർട്ടികൾച്ചറൽ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കൽ, വിപണനം, മൂല്യവർദ്ധനവ്, പുനരുദ്ധാരണം, ഗുണമേന്മയുള്ള തൈകളുടെ ഉൽപ്പാദനം, ജൈവ കൃഷി പ്രോത്സാഹനം, ജലസ്രോതസ്സുകളുടെ നിർമ്മാണം, പുഷ്പകൃഷി, തേനീച്ച വളർത്തൽ പ്രോത്സാഹനം മുതലായ ലക്ഷ്യങ്ങളോടെ ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ മാതൃകയിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം അടുത്ത വർഷം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്.

100. കേരകർഷകരെ സഹായിക്കുന്നതിനും തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കരിക്കിൻവെള്ളം സംസ്കരിച്ച് വിപണനം നടത്തുന്നതിന് സംസ്ഥാനത്തൊട്ടാകെ വിപണന കേന്ദ്രങ്ങൾ തുറക്കുന്നതാണ്.

101. സംസ്ഥാനത്ത് പുഷ്പകൃഷിക്ക് അനന്ത സാദ്ധ്യതകളാണുള്ളത്. സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ മുഖേന ഓർക്കിഡ്, ആന്തൂറിയം മുതലായ പുഷ്പങ്ങൾ ഉൾപ്പെടെയുള്ള പുഷ്പകൃഷി വ്യാപിപ്പിക്കുന്നതാണ്.

102. ഒരു ഹെക്ടറോ അതിൽ താഴെയോ മാത്രം ഭൂമിയുള്ളവരും കൃഷി ഉപജീവന മാർഗ്ഗവും, മുഖ്യതൊഴിലുമായി സ്വീകരിച്ചിട്ടുള്ളവരും സർക്കാർ ശമ്പളമോ പെൻഷനോ പറ്റാത്തവരും 60 വയസ്സ് പൂർത്തിയായവരുമായ കർഷക കുടുംബങ്ങളിലെ ഗൃഹനാഥനോ അല്ലങ്കിൽ ഗൃഹനായികയ്ക്കോ പ്രതിവർഷം 1000 രൂപ രണ്ട് അർദ്ധവാർഷിക ഗഡുക്കളായി കർഷിക പെൻഷൻ നൽകുന്നതാണ്. ഇതിലേയ്ക്കായി 10 കോടി രൂപ ഞാൻ വകയിരുത്തുന്നു.

103. സർവ്വീസ് സഹകരണ സംഘങ്ങൾ, കാർഷിക വികസന ബാങ്കുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ വാനില സംസ്കരണത്തിനും മൂല്യ വർദ്ധനയ്ക്കുമായി വിവിധ കാർഷിക കേന്ദ്രങ്ങൾ ആരംഭിക്കുന്ന 10 വ്യവസായ യൂണിറ്റുകൾക്ക് 20% (പരമാവധി 20 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നതാണ്.

104. മഞ്ഞളിപ്പുരോഗം ബാധിച്ച അടയ്ക്കാമരങ്ങൾ വെട്ടിമാറ്റുന്നതിന് മരമൊന്നിന് 100 രൂപാ ക്രമത്തിൽ നഷ്ടപരിഹാരം നൽകുന്നതാണ്.

105. ഗ്രൂപ്പ്ഫാമിംഗിന് നെൽകർഷകർക്ക് ഇപ്പോൾ നൽകുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ്, ഹെക്ടർ ഒന്നിന് 1500 രൂപയായി ഉയർത്തുന്നതാണ്.

## മൃഗസംരക്ഷണം

106. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ അടുത്തകാലത്തായി അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കന്നുകാലികളുടെ എണ്ണത്തിലും കാലിത്തീറ്റയുടെ ഉൽപാദനത്തിലും ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. കന്നുകാലികളുടെ സംരക്ഷണത്തിനും ഫലപ്രദമായ രോഗ നിവാരണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി ജി.എൽ.പി./ഐ.എസ്.ഒ. 9000 നിലവാരത്തിലുള്ള ഒരു 'വെറ്ററിനറി ആന്റ്

**ആനിമൽ ഹെൽത്ത് കോംപ്ലക്സ് '** തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. നിരണത്ത് നിലവിലുള്ള താറാവു വളർത്തൽ ഫാമിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതാണ്. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിതുരയിലെ ജേഴ്സി ഫാമിൽ കാളക്കുട്ടികളെ വളർത്താൻ ഉദ്ദേശിക്കുന്നു. വടക്കൻ ജില്ലകളിലെ കന്നുകാലികളിലെ പേവിഷബാധ വിശകലനം ചെയ്യുന്നതിന് കണ്ണൂരിൽ ഒരു ലബോറട്ടറി സ്ഥാപിക്കും. കേരളത്തെ ഒരു കാലിരോഗ വിമുക്ത മേഖലയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ മാതൃകയിൽ അനിമൽ ബയോടെക്നോളജിയിലും മീറ്റ് ടെക്നോളജിയിലും വൈദഗ്ദ്ധ്യം നേടുന്നതിനായി ഒരു **വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി** സ്ഥാപിക്കും.

## ക്ഷീരവികസനം

**107**. കേരളത്തിലെ എല്ലാ വികസന ബ്ളോക്കുകളിലും പാലിന്റെ ഗുണമേന്മയും കാലിത്തീറ്റ ഉൽപാദനവും മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് **'ക്ഷീരോൽപഥം'** എന്ന പേരിൽ ഒരു സംയോജിത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**108**. 2006–'07 -ൽ ഒരു സംസ്ഥാനതല കന്നുകാലി പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നതാണ്. കൂടാതെ എല്ലാ ജില്ലകളിലും, ബ്ളോക്കുകളിലും ജില്ലാതല/ബ്ളോക്കുതല കാലി പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് 2, 4, 10 വീതം പശുക്കൾ അടങ്ങുന്ന ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

**109**. ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതി മുഖേന സംഘങ്ങൾ പ്രവർത്തിപ്പിക്കുക, പാൽ ശേഖരിക്കുന്നതിന് പാത്രങ്ങൾ വാങ്ങുക, മിനി പാസ്ചറൈസേഷൻ യൂണിറ്റുകൾ സ്ഥാപിക്കുക എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളായ സംഘങ്ങളെ സംസ്ഥാനതലത്തിൽ സഹായിക്കും.

110. കൂടാതെ, ബൃഹത്തായ ഒരു കാലിത്തീറ്റയുൽപാദന പരിപാടിയും സംസ്ഥാനത്തുടനീളം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുല്ല് കൃഷിചെയ്യുന്നതാണ്. ഇതിനോടൊപ്പം വാണിജ്യാടിസ്ഥാനത്തിലുള്ള കാലിത്തീറ്റയുൽപാദനം, ഹ്രസ്വകാലവിള പ്രോൽസാഹിപ്പിക്കൽ, സൗജന്യ കാലിത്തീറ്റ പ്രോൽസാഹിപ്പിക്കൽ, **'അസോള'** (Azolla) എന്നീ പദ്ധതികളും നടപ്പിലാക്കുന്നതാണ്.

111. സംസ്ഥാനത്തൊട്ടാകെ പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗുണമേന്മാ ബോധവൽക്കരണ പരിപാടി, സംശുദ്ധ പാലുൽപ്പാദന യൂണിറ്റ് സ്ഥാപിക്കൽ, ഉപഭോക്തൃ സമ്പർക്ക പരിപാടി, ഇലക്ട്രോണിക് പാൽ പരിശോധനാ ലാബറട്ടറികൾ സ്ഥാപിക്കൽ, ചെറിയ ശീതീകരണികൾ സ്ഥാപിക്കൽ എന്നിവയാണ് ഇതിന്റെ മുഖ്യ ഘടകങ്ങൾ. ആലത്തൂരിലെ സംസ്ഥാന കേന്ദ്രീകൃത ലാബറട്ടറി ശക്തിപ്പെടുത്തുന്നതാണ്.

**കയർ**

112. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 3 ലക്ഷത്തോളം സ്ത്രീകളുൾപ്പെടെ 3.75 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന കയർ വ്യവസായം കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രഥമസ്ഥാനത്ത് നിലകൊള്ളുന്നു. യന്ത്രവൽക്കരണവും ആധുനിക സാങ്കേതിക വിദ്യയും ഉൾക്കൊള്ളുന്നതിനുള്ള വിമുഖത, ഉയർന്ന ഉൽപാദന ചെലവ് പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം, കെടുകാര്യസ്ഥത തുടങ്ങിയ കാരണങ്ങളാൽ കയർ സഹകരണ മേഖലയിൽ ചെറിയൊരു വിഭാഗത്തിനുപോലും സ്ഥിരമായി തൊഴിൽ നൽകാൻ സാദ്ധ്യമാകാത്ത അവസ്ഥ ഉണ്ടായി. രജിസ്റ്റർ ചെയ്ത 853 കയർ സഹകരണ സംഘങ്ങളിൽ 450 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ഇവയിൽ തന്നെ 21 സംഘങ്ങൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഐ.സി.ഡി.പി. പദ്ധതിയും ഫലപ്രദമായില്ല. ഈ സാഹചര്യത്തിൽ കയർ ഉൽപാദകർക്ക് മാത്രമായി അംഗത്വം പരിമിതപ്പെടുത്തിക്കൊണ്ട് ഈ സംഘങ്ങളെ ഉൽപാദക സംഘങ്ങളായി പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ

പുനരുദ്ധരിക്കാൻ സാദ്ധ്യതയുള്ള സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നതാണ്.

**113.** പ്രവർത്തനം നിലച്ച കയർ സഹകരണസംഘങ്ങളിലെ തൊഴിലാളികൾക്കായി സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 2004-'05 -ൽ നാലിലൊന്ന് എച്ച്.പി മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകൾ 6000 സ്ത്രീ തൊഴിലാളികൾ ഉൾപ്പെട്ട സ്വയം സഹായഗ്രൂപ്പുകൾക്ക് വേണ്ടി സ്ഥാപിച്ചു നൽകി. 2005-06 -ൽ 9500 സ്ത്രീ തൊഴിലാളികളുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രയോജനപ്പെട്ട ഈ പദ്ധതി 2006-07 -ൽ 15000 തൊഴിലാളികൾക്ക് പ്രയോജനപ്പെടത്തക്കവിധം തുടരാൻ ഉദ്ദേശിക്കുന്നു.

**114.** ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ചെറുകിട കയർ ഉൽപാദകരെയും കയർ തൊഴിലാളികളെയും രക്ഷിക്കുവാനായി ചെറുകിട ഉൽപാദകർ, സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ കൺസോർഷ്യം രൂപീകരിക്കുന്നതാണ്. ഈ കൺസോർഷ്യം വഴി അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഉൽപന്നങ്ങളുടെ വിപണനവും ഉറപ്പുവരുത്തുന്നതാണ്. ഇതിനായി ഞാൻ 5 കോടി രൂപ വകയിരുത്തുന്നു.

**115.** കയർ ബോർഡിന്റെ മഹിളാ കയർ യോജന പദ്ധതിയുടെ പ്രയോജനം സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നതാണ്. ഇതിനായി സംസ്ഥാന വിഹിതമായി 4 കോടി 12 ലക്ഷം രൂപ വകയിരുത്തുന്നു.

**116.** കയർ തൊഴിലാളികൾക്കായി ഒരു വെൽഫയർ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും പത്തിൽ താഴെ തൊഴിലാളികളുള്ള യൂണിറ്റുകളിലെ തൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിലേയ്ക്കായി 35 ലക്ഷം രൂപ വകയിരുത്തുന്നു.

## പ്രാദേശിക സ്വയം ഭരണ സർക്കാർ സ്ഥാപനങ്ങൾ

**117** ഞാൻ തികഞ്ഞ ചാരിതാർത്ഥ്യത്തോടെ പറയട്ടെ, പ്രാദേശിക സർക്കാരുകൾക്ക് നൽകുവാൻ ഈ സർക്കാർ 2003-'04-ൽ 1496 കോടി രൂപയും 2004-'05 -ൽ 1861 കോടി രൂപയും നടപ്പുവർഷം 2032 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിരുന്നു. 3-ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ അനുസരിച്ച് അടുത്ത വർഷത്തേയ്ക്ക് ഇത് 2050 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ഇത്രയും തുക പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്ക് നൽകുന്നില്ല.

**118.** ഏറ്റവും നല്ല പഞ്ചായത്ത്രാജ് സംവിധാനമുള്ള സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുക്കുകയും അതിനായി 5 കോടി രൂപയുടെ ഒരു അവാർഡ് നമുക്ക് ലഭിക്കുകയും ചെയ്തു എന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

**പഞ്ചായത്ത്**

**119.** പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ വികേന്ദ്രീകൃത ഭരണ സംവിധാനവും നടപടി ക്രമങ്ങളും സുവ്യക്തമായി പ്രവർത്തനക്ഷമമാകണമെന്ന ലക്ഷ്യം മുൻനിർത്തി, അധികാരവികേന്ദ്രീകരണം ശക്തമാക്കുവാൻ ഈ സർക്കാർ തുടങ്ങിവച്ച സ്ഥാപനവൽക്കരണ ഉദ്യമം 2006-'07 -ൽ സമ്പൂർണ്ണമാകുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തി ആസൂത്രണ പ്രക്രിയ കുറ്റമറ്റതാക്കി ജില്ലാതല പദ്ധതി ആവിഷ്ക്കരണം ശക്തമാക്കും. ഇതിന്റെ ഭാഗമായി ബജറ്റ് തയ്യാറാക്കൽ, അക്കൗണ്ട്സ്, ആഡിറ്റ് എന്നിവയ്ക്കുള്ള സംവിധാനം മെച്ചപ്പെടുത്തുകയും ജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യും. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുതകുന്ന ഒരു നൂതന ഉദ്യമം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നടത്തുന്നതാണ്.

**120.** തദ്ദേശ സർക്കാരുകളുടെ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിന് മൂന്നാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതാണ്.

ഇത് ഏറെ പ്രശംസിക്കപ്പെട്ട കേരളത്തിന്റെ സാമ്പത്തിക വികേന്ദ്രീകരണ ശ്രമങ്ങളെ ഉന്നത തലങ്ങളിൽ എത്തിക്കുമെന്നതിൽ സംശയമില്ല. മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളമെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ എനിക്ക് അഭിമാനമുണ്ട്.

121. തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് അടുത്ത വർഷം മുതൽ വാർഷിക മെയിന്റനൻസ് ഫണ്ടും വികസന ഫണ്ടും 10 മാസഗഡുക്കളായി നൽകുന്നതാണ്.

122. പ്രാദേശിക സർക്കാർ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം 2006–'07 -ൽ പൂർത്തീകരിക്കുന്നതാണ്.

123. പ്രാദേശിക സർക്കാർ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും ഉദ്യോഗസ്ഥർക്കും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്ന രാജ്യത്തെ മികച്ച സ്ഥാപനമായി 'കില' (KILA) വളർന്നിരിക്കുന്നു. ഇവിടത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇതിനെ സാർക്കിന്റെ (SAARC) ഒരു മികവുകേന്ദ്രമായി ഉയർത്തുന്നതിന് പ്രത്യേക പരിശ്രമം നടത്തുന്നതാണ്. ഇതിലേക്കായി 2 കോടി 25 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

**കുടുംബശ്രീ-ആശ്രയ പദ്ധതികൾ**

124. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള കുടുംബശ്രീ, ആശ്രയ എന്നീ പദ്ധതികളുടെ കീഴിൽ നിലവിൽ സംസ്ഥാനത്ത് 1,59,739 അയൽക്കൂട്ടങ്ങളും 14,103 പ്രാദേശിക വികസന സമിതികളും 1050 സമൂഹ വികസന സമിതികളും വിജയകരമായി പ്രവർത്തിക്കുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 32,35,086 കുടുംബങ്ങൾ ഇതിന്റെ പ്രയോജനം അനുഭവിക്കുന്നു. അയൽക്കൂട്ടങ്ങളിൽ പ്രവർത്തിക്കുന്ന 'ത്രിഫ്റ്റ് ആന്റ് ക്രെഡിറ്റ് ' സൊസൈറ്റികൾ മുഖേന 565 കോടിയിലധികം രൂപ സമാഹരിക്കുകയും 1270 കോടിയിലധികം രൂപ വായ്പ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ, ആശ്രയ എന്നിവയുടെ തുടർ പരിപാടികൾക്കായി എന്റെ ബജറ്റിൽ 70 കോടി 84 ലക്ഷം രൂപ നീക്കിവയ്ക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

**ക്ലീൻ കേരള പദ്ധതി**

**125** നഗരപ്രദേശങ്ങളിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനായുള്ള ക്ലീൻ കേരള പദ്ധതിയുടെ അടുത്ത വർഷത്തെ സർക്കാർ വിഹിതമായി 3 കോടി 94 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

**നഗരകാര്യം**

**നാഷണൽ അർബൻ റിന്യൂവൽ മിഷൻ**

**126** ഇൻഡ്യയിലെ നഗരങ്ങളും പട്ടണങ്ങളും ചേർന്നാൽ ലോകത്തിലെ രണ്ടാമത്തെ വലിയ നഗര സംവിധാനത്തിനു തുല്യമാകും. അതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സമയ ബന്ധിതമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ദേശീയ നഗര പരിഷ്കരണ മിഷൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇതിന്റെ ചെലവുകൾക്കായി ഞാൻ 90 കോടി രൂപ വകയിരുത്തുന്നു.

**127.** കോഴിക്കോട് നഗരത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും മോടിപിടിപ്പിക്കലിനുമായി 5 കോടി രൂപ വകയിരുത്തുന്നു. കൊച്ചിയുടെ വികസനത്തിനായി 5 കോടി രൂപയും വകയിരുത്തുന്നു. ഈ രണ്ട് നഗരങ്ങളിലെയും വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നഗര വികസന സമിതികൾ രൂപീകരിച്ചു കഴിഞ്ഞു.

**128.** കോർപ്പറേഷൻ, മുനിസിപ്പൽ പ്രദേശങ്ങളിൽ ശ്മശാന സൗകര്യം ലഭ്യമാക്കുന്നതിന് സഹായധനമായി 2 കോടി 60 ലക്ഷം രൂപയും ഞാൻ വകയിരുത്തുന്നു.

**റവന്യൂ**

**129.** കർഷകർക്ക് 'കിസാൻ പാസ് ബുക്ക്' അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

130. ഈ വർഷം സംസ്ഥാനവ്യാപകമായി റവന്യൂ വകുപ്പ് സംഘടിപ്പിച്ച വില്ലേജ് അദാലത്തുകളിൽ മൊത്തം 2.45 ലക്ഷം പരാതികളിന്മേൽ തീർപ്പു കൽപിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ അഭൂതപൂർവ്വമായ വിജയം കണക്കിലെടുത്ത് അദാലത്ത് സംഘടിപ്പിക്കൽ കൂടുതൽ കാര്യക്ഷമമാക്കാനും ഒരു സ്ഥിരം നടപടിയാക്കാനും ഉദ്ദേശിക്കുന്നു.

131. സംസ്ഥാനത്തെ ആകെ 1453 വില്ലേജാഫീസുകളിൽ 955 വില്ലേജാഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം ഇനിയും നടപ്പിലാക്കാനുണ്ട്. ഈ വില്ലേജാഫീസുകൾ എല്ലാം തന്നെ എം.ജി.പി. യുടെ സേവനപ്രദാന പരിപാടിയിൽപെടുത്തി 2006–'07-ൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.

132. പാലക്കാട് കളക്ടറേറ്റിൽ വിജയകരമായി നടപ്പിലാക്കിയ 'ഡി.സി. സ്യൂട്ട്' എന്ന പരിപാടി പ്രകാരമുള്ള പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം എല്ലാ കളക്ടറേറ്റിലും അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

133. ഭൂരഹിതരായ ആദിവാസികൾക്ക് നൽകുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുള്ള കേസുകളിൽ അർഹതപ്പെട്ടവർക്ക് പട്ടയം വിതരണം ചെയ്യും.

134. റവന്യൂ മെഷിനറി ശക്തിപ്പെടുത്തുന്നതിനും ലാന്റ് റിക്കാർഡുകൾക്ക് കൃത്യത വരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ 523 വില്ലേജ് ആഫീസുകളിൽ 2006–'07 -ൽ വില്ലേജ് റിക്കാർഡ് റൂമുകൾ നിർമ്മിക്കുന്നതാണ്.

135. ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് വിതരണം നടത്തുന്നതിനായി കണ്ടെത്തിയിട്ടുള്ള 31960 ഏക്കർ മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യും.

### സർവ്വേയും ഭൂരേഖയും

136. ബജറ്റു വർഷത്തിൽ 1000 ചതുരശ്ര കിലോമീറ്റർ റീസർവ്വെ ജോലി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. റീസർവ്വെയോടനുബന്ധിച്ചുള്ള

ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സർവ്വെ അദാലത്ത് വഴി 60,000 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കും.

**ഭവന നിർമ്മാണം**

**137.** ലക്ഷം വീടുകളുടെ നവീകരണത്തിനായുള്ള പദ്ധതി 2006-'07-ൽ തുടരുന്നതാണ്. തുടക്കത്തിൽ 5,000 വീടുകളുടെ നവീകരണമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്കുള്ള (LIG) വായ്പാ പദ്ധതി പുനരാരംഭിക്കാനും ഉദ്ദേശിക്കുന്നു.

**138.** സുരക്ഷാഭവന പദ്ധതി പ്രകാരം 2006-'07-ൽ 40,000 വീടുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

**139.** കാഞ്ഞിരപ്പള്ളിയിലും ആറ്റിങ്ങലിലും റാന്നിയിലും പുതുതായി റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും തിരുവനന്തപുരത്ത് പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലും തൃശൂരിൽ ഇരിഞ്ഞാലക്കുടയിലും വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതുമാണ്.

**140.** കട്ടപ്പനയിലും തൊടുപുഴയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനും സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ മിനി ടൗൺഷിപ്പുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.

**141.** ഒന്നാം ഘട്ടം ഭൂവികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞ ആക്കുളം ടൗൺഷിപ്പ് പദ്ധതിയിൽ അടുത്ത വർഷം രണ്ടാം ഘട്ടമായി 138 ഫ്ളാറ്റുകളുടെയും വാണിജ്യ സമുച്ചയത്തിന്റെയും നിർമ്മാണം ഏറ്റെടുക്കുന്നതായിരിക്കും.

**142.** സമൂഹത്തിലെ പാവപ്പെട്ടവർക്കായി (EWS) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന 'മൈത്രി ഭവന നിർമ്മാണ പദ്ധതി' ക്കായി 43 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## വിദ്യാഭ്യാസം

### പൊതുവിദ്യാഭ്യാസം

143. നൂതന പരീക്ഷണങ്ങളിലൂടെ വിദ്യാഭ്യാസനിലവാരം നിലനിർത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി വിദ്യാഭ്യാസ സംവിധാനമാകെ നവീകരിക്കാൻ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള ഗ്രേഡിംഗ് സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും, എട്ടും ഒമ്പതും സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികളെ നിരന്തരമായ സമഗ്ര വിലയിരുത്തലിന് വിധേയമാക്കുതിനും ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടി വിഭാവനം ചെയ്യുന്നു. ഈ പരിശീലന പരിപാടി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 1 കോടി 60 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസ പദ്ധതി തീരദേശ-ആദിവാസി പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ ഉൾപ്പെടെ നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 4 കോടി 20 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. സേവന പ്രദാന പദ്ധതി പ്രകാരം ഗവൺമെന്റ് സ്കൂളുകളുടെ വികസനത്തിനായി എം.ജി.പി. (MGP)-യുടെ കീഴിൽ 13 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

### ഉന്നത വിദ്യാഭ്യാസം

144. ആഗോള ശ്രദ്ധ പിടിച്ചുപറ്റിയ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസത്തിനായി 2006–'07 -ൽ പല നൂതന പദ്ധതികളും നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ എൻജിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും, ടെക്നിക്കൽ സ്കൂളുകളിലും 'എഡ്യുസാറ്റ്' പദ്ധതി നടപ്പിലാക്കും. സാങ്കേതിക സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള നിയമ നിർമ്മാണം നടത്തും. സംസ്ഥാനത്തെ 200 കോളേജുകളെ യു.ജി.സി. -യുടെ ലൈബ്രറി സ്കീമായ 'ഇൻഫ്ളിബ് നെറ്റ് ' (INFLIB NET) -മായി ബന്ധിപ്പിക്കുന്നതുമാണ്.

## ഹയർ സെക്കന്ററി വിദ്യാഭ്യാസം

145 ഹയർസെക്കന്ററി സ്കൂളുകളിലെയും മറ്റു സ്കൂളുകളിലെയും ലാബറട്ടറികളും മറ്റു സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി 25 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

146. കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ച് ഹയർ സെക്കന്ററി തലത്തിലെ വിദ്യാർത്ഥികൾക്ക് കാലാനുസൃതമായി മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 5 കോടി രൂപ നൽകുന്നതാണ്.

147. വിദ്യാർത്ഥി ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പാഠ്യേതര പ്രവർത്തനങ്ങളിൽ നേതൃത്വഗുണം വളർത്തുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ നടത്തുന്നതിനും ദൂരസ്ഥലങ്ങളിൽ നിന്ന് എത്തുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതിനുമായി തിരുവനന്തപുരത്ത് ഒരു സ്റ്റുഡന്റ്സ് സെന്റർ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഞാൻ 1 കോടി രൂപ വകയിരുത്തുന്നു.

148. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 1 കോടി 60 ലക്ഷം രൂപയും അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസനത്തിന് എം.ജി.പി. -യുടെ ഭാഗമായി 3 കോടി 30 ലക്ഷം രൂപയും വകയിരുത്തുന്നു.

149. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ കൂടി ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എസ്.സി.ഇ.ആർ.റ്റി. -യുടെ പ്രവർത്തനങ്ങൾക്കായി 1 കോടി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## പൊതുമരാമത്ത്

150. തലസ്ഥാനമേഖല വികസന പരിപാടിയിലുൾപ്പെട്ട പ്രധാന 13 റോഡുകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതാണ്. ബേക്കറി

ജംഗ്ഷനിൽ പണിതുകൊണ്ടിരിക്കുന്ന മേൽപാലത്തിന്റെ പണിയും പൂർത്തിയാക്കും.

151. തലസ്ഥാനമേഖല വികസന പരിപാടിയുടെ മാതൃകയിൽ കോട്ടയം പട്ടണത്തിലെ റോഡുകളുടെ വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു

152 കേരളാസ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ കീഴിൽ 407 കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതായിരിക്കും.

153. കഴക്കൂട്ടം മുതൽ കന്യാകുമാരി വരെയുള്ള ദേശീയ പാത-47 നാലുവരി പാതയാക്കുന്നതിനുള്ള പ്രവർത്തികൾ ഈ വർഷം ആരംഭിക്കുന്നതാണ്. കൂടാതെ ആലപ്പുഴ ബൈപാസ്സിന്റെ രണ്ടാം ഘട്ടവും കോഴിക്കോട് ബൈപാസ്സിന്റെ മൂന്നും നാലും ഘട്ടങ്ങളും പൂർത്തീകരിക്കുന്നതാണ്.

154. ശബരിമലയിലേയ്ക്കുള്ള ഏറ്റവും ദൂരം കുറഞ്ഞ നാരായണംതോടു വഴിയുള്ള എരുമേലി-ചാലക്കയം റോഡ് കേന്ദ്രസഹായത്തോടെ 2006–'07-ൽ പൂർത്തിയാക്കും.

155. എറണാകുളത്തെ ഹൈക്കോടതി സമുച്ചയം, തിരുവനന്തപുരത്തെ ജി.വി. രാജാ സ്പോർട്ട്സ് സമുച്ചയം, പുതിയ സിവിൽസ്റ്റേഷൻ എന്നിവയുടെ നിർമ്മാണമാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം ഏറ്റെടുത്ത പ്രധാന പ്രവൃത്തികൾ.

156. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽകോളേജുകളിൽ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കുകളുടെയും മറ്റു കെട്ടിടങ്ങളുടെയും നിർമ്മാണം 2006–'07 -ൽ പൂർത്തിയാക്കും.

157. ബേക്കൽ, മുഴുപ്പിലങ്ങാട്, നന്തി, കടുക്കാംകുന്ന്, വിക്ടോറിയാ കോളേജ്, സുൽത്താൻ പേട്ട, പുല്ലേപ്പടി, പൊന്നുരുന്നി, അത്താണി, കൊരട്ടി

എന്നിവിടങ്ങളിലെ പത്തു റയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി കേരളാ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 2006-'07-ൽ പൂർത്തിയാക്കും. കൊച്ചി-സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ രണ്ടാം ഘട്ട സ്ഥലമെടുപ്പു നടപടി പൂർത്തിയാക്കും.

158. വ്യാവസായവും ടൂറിസവും വികസിപ്പിക്കുന്നതിന് കാക്കനാട്-കോതമംഗലം നാലുവരിപ്പാത നിർമ്മിക്കുന്നതാണ്.

159. തുറവൂർ, തൈക്കാട്ടുശ്ശേരി പാലം, പെരുമൺ പാലം, കൊച്ചി സീപോർട്ട്-എയർപോർട്ട് റോഡിൽ പെരിയാറിന് കുറുകെ പാലം, വക്കം-കായിക്കര പാലം, ആലപ്പുഴ ടൗണിലെ മുപ്പാലം എന്നിങ്ങനെയുള്ള പുതിയ പാലങ്ങൾ നിർമ്മിക്കുന്നതാണ്.

## സഹകരണം

160. കേരള സമ്പദ്ഘടനയുടെ ആസൂത്രിതമായ വികസനത്തിൽ സഹകരണ പ്രസ്ഥാനത്തിന് നിർണ്ണായക സ്ഥാനമാണുള്ളത്. ഭാരതത്തിലെ മറ്റേതൊരു സംസ്ഥാനത്തെയുംകാൾ ജനാധിപത്യ അടിത്തറയുള്ള ഒരു പ്രസ്ഥാനമായി ഇതിനെ നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

161. സംസ്ഥാന സഹകരണ മേഖല വഴി നൽകുന്ന കാർഷിക വായ്പ അടുത്ത ഒരു വർഷം കൊണ്ട് ഇരട്ടിയാക്കുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നു. കാർഷിക വായ്പാവിതരണ രംഗത്തെ സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയശേഷം കാർഷിക വായ്പ വിതരണം നടത്തുന്നതിനു മാത്രമായി പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

162. കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട 100 സംഘങ്ങളിൽ പുതുതായി 'വികാസ വാഹിനി ക്ലാസുകൾ' ആരംഭിക്കും.

163. കൃഷി ഭൂമി വാങ്ങുന്നതിന് കർഷകർക്ക് 25 ലക്ഷം രൂപവരെ, വാങ്ങുന്ന ഭൂമിയുടെ ഈടിൻമേൽ വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

164. പട്ടികജാതി, പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവകളിലൂടെ നബാർഡിന്റെ സഹായത്തോടെ മാർക്കറ്റ് മാനേജ്മെന്റ് പദ്ധതി വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 30 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

165. എൻ.സി.ഡി.സി. (NCDC)-യുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഐ.സി.ഡി.പി. (ICDP) പദ്ധതിയുടെ 2 -ാം ഘട്ടം വയനാട് ജില്ലയിൽ അടുത്ത വർഷം നടപ്പിലാക്കും. ഇതിനായി 100 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. പ്രൊസസ്സിംഗ് സഹകരണ സംഘങ്ങൾക്ക് 2 കോടി 50 ലക്ഷം രൂപയും. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് 50 ലക്ഷം രൂപയും, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 'നീതി സ്റ്റോറുകൾ' നടത്തുന്നതിന് 50 ലക്ഷം രൂപയും ഞാൻ നീക്കിവയ്ക്കുന്നു. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഓഹരിമൂലധനമായി 100 ലക്ഷം രൂപയും വകയിരുത്തുന്നു.

## തുറമുഖം

166. നമ്മുടെ ചിരകാല സ്വപ്നമായ വിഴിഞ്ഞം ഡീപ് വാട്ടർ ഇന്റർ നാഷണൽ ട്രാൻഷിപ്മെന്റ് ടെർമിനൽ അവസാനം യാഥാർത്ഥ്യമാകുകയാണ്. 'ബി.ഒ.റ്റി' അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടം 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഇതിനായി രൂപീകരിച്ച വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി ഞാൻ 10 കോടി രൂപ വകയിരുത്തുന്നു.

167. കേരളത്തിലെ പൗരാണിക തുറമുഖ കേന്ദ്രമായിരുന്ന ആലപ്പുഴ തുറമുഖം കപ്പലുകൾക്ക് നങ്കൂരമിടാൻ കഴിയുന്ന ഒരു 'മറീന' യായി

വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 1 ലക്ഷം രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

168. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 3 കോടി രൂപ വകയിരുത്തുന്നു.

169. മത്സ്യ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് നമ്മുടെ ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളിലെയും ഭൗതിക സൗകര്യങ്ങൾ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടത് അത്യാവശ്യമാണ്. അതിനാൽ ഇവ കേന്ദ്ര സഹായത്തോടെ ലോകനിലവാരത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ പ്രാരംഭ ചെലവുകൾക്കായി 3 കോടി 70 ലക്ഷം രൂപ വകയിരുത്തുന്നു. വിഴിഞ്ഞം, തങ്കശ്ശേരി, കായംകുളം, പൊന്നാനി, മുതലപ്പൊഴി, കൊയിലാണ്ടി, തോട്ടപ്പള്ളി, അർത്തുങ്കൽ, ചെല്ലാനം എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി 4 കോടി 90 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

170. തുറമുഖ വകുപ്പിന്റെ കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന **'മാരിടൈം അക്കാഡമി'** യുടെ പ്രവർത്തനം അടുത്ത വർഷം ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ചെറുകിട തുറമുഖങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു ക്ഷേമകാര്യ ബോർഡ് രൂപീകരിക്കുന്നതാണ്. ഇതിനായി 1 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

171. സുനാമി ദുരന്തത്തിൽ തകർന്ന തുറമുഖങ്ങളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 26 കോടി 52 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുകയാണ്.

**ഗതാഗതം**

172. മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഇ-ഗവേർണൻസ് പദ്ധതിയുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ ഞാൻ 40 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ, വാഹനങ്ങളുടെ അമിതവേഗം കണ്ടുപിടിയ്ക്കുന്നതിനുള്ള ആധുനിക യന്ത്ര സാമഗ്രികൾ

വാങ്ങുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കുവേണ്ടി വാഹനങ്ങൾ വാങ്ങുന്നതിനുമായി 37 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

173. പാണാവള്ളിയിൽ സ്റ്റേഷൻ ആഫീസ്-കം-വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക, വൈക്കത്ത് ഒരു സ്റ്റേഷൻ ആഫീസ് നിർമ്മിക്കുക, വർക്ക്ഷോപ്പ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയാണ് ജലഗതാഗത വകുപ്പിൽ 2006–'07-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. ഈ മേഖലയ്ക്കായി 5 കോടി 10 ലക്ഷം രൂപ വകയിരുത്തുന്നു.

174. ഉൾനാടൻ ജലഗതാഗത മേഖലയുടെ സുപ്രധാന സംഭാവന മനസ്സിലാക്കി പന്ത്രണ്ടാം ധനകാര്യകമ്മിഷൻ പ്രത്യേകമായി അനുവദിച്ച 56 കോടി 25 ലക്ഷം രൂപ ഈ യത്നങ്ങൾക്ക് വൻ പ്രോത്സാഹനമായിരിക്കും. ഉൾനാടൻ ജലപാത വികസനത്തിന് എക്കാലത്തെക്കാളും മികച്ച വിഹിതമായ 58 കോടി 85 ലക്ഷം രൂപ അനുവദിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

## വനം-വന്യജീവി

175. സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിന് 16 കോടി രൂപയും തോട്ടങ്ങളിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് 3 കോടി 55 ലക്ഷം രൂപയും ജൈവവൈവിധ്യ പരിപാലനത്തിനും സംരക്ഷിതമേഖലാ മാനേജ്മെന്റിനും കൂടി 6 കോടി 65 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

176. തിരുവനന്തപുരത്തിനടുത്ത് കോട്ടൂരിൽ ഒരു ആന പുനരധിവാസ കേന്ദ്രം ആരംഭിക്കും. മാത്രമല്ല, ഏറ്റവും മികച്ച നാട്ടാനയ്ക്ക് 'ഗജരാജ' അവാർഡും മികച്ച ഗജപരിപാലനം നടത്തുന്ന ഉടമസ്ഥനും പാപ്പാനും പ്രത്യേക അവാർഡും ഏർപ്പെടുത്തുന്നതാണ്.

## ജലവിഭവം

### ജലസേചനം

177 നമ്മുടെ സംസ്ഥാനത്ത് പൂർത്തീകരിച്ച 17 ജലസേചന പദ്ധതികളും പണി നടന്നുകൊണ്ടിരിക്കുന്ന 7 പദ്ധതികളുമാണുള്ളത്. ജലലഭ്യത ഉറപ്പാക്കിയ പ്രദേശങ്ങളുടെ വിസ്തൃതി ഗണ്യമായി വർദ്ധിപ്പിക്കുന്നതിനു

വേണ്ടി കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ 'ഭാരത് നിർമ്മാൺ' പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അടുത്ത നാലു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി 2006-'07 -ൽ ആരംഭിക്കും.

**178.** ഇടമലയാർ പ്രോജക്ടിന്റെ പണി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. മീനച്ചിൽ റിവർ വാലി പ്രോജക്ടിന്റെ ആദ്യഘട്ടം, പലകപ്പാണ്ടി ഡൈവർഷൻ സ്കീം എന്നിവ അടുത്ത വർഷം കമ്മിഷൻ ചെയ്യുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു. തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. ചമ്രവട്ടം പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തും.

**179.** പണി പൂർത്തിയായി വരുന്ന പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ എ.ഐ.ബി.പി (AIBP) പദ്ധതി പ്രകാരം ധനസഹായം ലഭ്യമാണ്. കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് വേണ്ടി ഈ വർഷം 90 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നബാർഡിന്റെ സഹായത്തോടെ പണിപൂർത്തിയായി വരുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർത്തിയാക്കുന്നതിന് വേണ്ടി 20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**180.** പെരിയാറിന്റെ സംരക്ഷണം മുൻനിർത്തി ഒരു പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുന്നതാണ്.

**181.** പമ്പാനദിയിലെ ജല മലിനീകരണം തടയുന്നതിനായി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പമ്പാ ആക്ഷൻ പ്ളാനിനുവേണ്ടി സംസ്ഥാന വിഹിതമായി 30 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

**182.** തീരദേശ സംരക്ഷണത്തിനും ഈ പ്രവർത്തനങ്ങൾക്ക് ആധുനിക യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും കേന്ദ്രഗവൺമെന്റ് സഹായമുൾപ്പെടെ 43 കോടി 75 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

**ആരോഗ്യവും കുടുംബക്ഷേമവും**

**183.** ആരോഗ്യകുടുംബക്ഷേമവകുപ്പ് പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

**184.** മാതൃശിശു സംരക്ഷണരംഗത്ത് ജീവിതചക്ര സമീപനമാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചിരിക്കുന്നത്. മാതൃ മരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രസവം കഴിവതും ആശുപത്രികളിലാവാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള **'ജനനി സുരക്ഷാ യോജന'** എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതുവഴി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള അമ്മമാർക്ക് ആശുപത്രികളിൽ ആദ്യത്തെയും രണ്ടാമത്തെയും പ്രസവത്തിന് 700 രൂപ വീതം സഹായം നൽകുന്നതാണ്.

**185.** പാവപ്പെട്ട ക്ഷയരോഗികൾക്ക് നൽകിവരുന്ന ധനസഹായം അടുത്തവർഷം മുതൽ 50 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിക്കുന്നതായിരിക്കും.

**186.** താഴെ തലങ്ങളിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, സേവനം എന്നിവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചായിരിക്കും ഇപ്രകാരം ചെയ്യുന്നത്. ഇതിന്റെ ഫലമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനുള്ള ദേശീയ ഗ്രാമീണ ആരോഗ്യ മിഷന് കൂടുതൽ ആക്കം നൽകാൻ കഴിയും.

**187.** കേരളത്തിൽ ജീവിതചര്യാരോഗങ്ങളുടെ നിരക്ക് വർദ്ധിക്കുന്നതു പരിഗണിച്ച് എല്ലാ ജില്ലകളിലും ക്യാൻസർ സംരക്ഷണ പദ്ധതിയും വേദനാ-രോഗശമന യൂണിറ്റുകളും ആരംഭിക്കുന്നതോടൊപ്പം പതിനാലു ജില്ലകളിലും ഡയബറ്റിക്, ഹൈപ്പർടെൻഷൻ ക്ലിനിക്കുകൾ കൂടി തുടങ്ങുന്നതാണ്.

**188.** വർദ്ധിച്ചുവരുന്ന അപകടമരണനിരക്ക് കണക്കിലെടുത്ത് അവ കുറയ്ക്കുവാനായി കാസർകോട്, പാലക്കാട്, എറണാകുളം, കൊല്ലം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ഓരോ ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കാൻ 7 കോടി 50 ലക്ഷം രൂപയും, തിരുവനന്തപുരം മെഡിക്കൽകോളേജിൽ നട്ടെല്ലിന്റെ ശസ്ത്ര ക്രിയക്കുള്ള അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ വിഭാഗം ആരംഭിക്കുന്നതിന് 1 കോടി 46 ലക്ഷം രൂപയും വകയിരുത്തുന്നതാണ്.

**189.** രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന മെഡിക്കൽകോളേജുകളിൽ ഒന്നായ തിരുവനന്തപുരം മെഡിക്കൽകോളേജിനെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നിലവാരത്തിലുള്ള ഒരു ആരോഗ്യ സംരക്ഷണ ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതാണ്. എല്ലാ മെഡിക്കൽകോളേജുകളിലും തീപ്പൊള്ളൽ, പുനരധിവാസ ചികിത്സ, വൃദ്ധജന സംരക്ഷണം എന്നി വിഭാഗങ്ങൾ നവീകരിക്കുന്നതാണ്.

**190.** കോഴിക്കോട്, കോട്ടയം മെഡിക്കൽകോളേജുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് 70 ലക്ഷം രൂപയും, മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപയും മാറ്റിവയ്ക്കുന്നു.

**191.** അത്യാധുനിക രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽകോളേജുകളിൽ സി.റ്റി. സ്കാനർ സ്ഥാപിക്കു ന്നതിന് 2 കോടി രൂപ വകയിരുത്തുന്നതാണ്.

**192.** എല്ലാ മെഡിക്കൽകോളേജുകളിലും ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ഈ വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് സ്ഥാപിക്കാൻ 5 ലക്ഷം രൂപ വകയിരുത്തുന്നു.

**193.** ആയുർവേദ, ഹോമിയോ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ആദിവാസി മേഖലകളിൽ ഹെർബൽ പ്ലാന്റേഷനുകൾ ആരംഭിക്കാനുള്ള സമിതികൾ

രൂപീകരിക്കുകയും ആയുർവേദത്തിൽ പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതുമാണ്. കണ്ണൂർ, തിരുവനന്തപുരം ആയുർവേദ ആശുപത്രികളിൽ പേവാർഡ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഔഷധിയുടെ കീഴിൽ പരിയാരത്ത് ഒരു ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

194. ഹോമിയോ വകുപ്പ് വിവിധ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പരിശീലനം നൽകുന്ന സ്പെഷ്യൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതായിരിക്കും. ഡിസ്ട്രിക്ട് ഹോമിയോ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം 25 -ൽ നിന്ന് 35 ആയി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിന് 2 കോടി 25 ലക്ഷം രൂപ വകകൊള്ളിക്കുന്നതാണ്.

195. തിരുവനന്തപുരത്ത് ഒരു ഹോളിസ്റ്റിക് മെഡിസിൻ ആന്റ് സ്ട്രെസ്സ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി ആരംഭിക്കുന്നതാണ്.

## ഗ്രാമവികസനം

196. കേന്ദ്രസർക്കാർ പുതുതായി ഏർപ്പെടുത്തിയ **"ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പാക്കൽ നിയമം-2005"** പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 10 ലക്ഷം രൂപ ടോക്കൺ വകയിരുത്തുന്നു.

197. ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികളായ എസ്.ജി.ആർ.വൈ (SGRY), എസ്.ജി.എസ്.വൈ (SGSY), ഐ.എ.വൈ (IAY), ഐ.എൻ.ഡി.പി (INDP) എന്നീ പദ്ധതികളുടെ സംസ്ഥാന വിഹിതമായി 44 കോടി 94 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## രജിസ്ട്രേഷൻ

198. രജിസ്ട്രേഷൻ വകുപ്പിലെ 14 ജില്ലാ രജിസ്ട്രാർ ഓഫീസുകൾ, 4 ഡി.ഐ.ജി. ഓഫീസുകൾ, രജിസ്ട്രേഷൻ ഐ.ജി. ഓഫീസ് എന്നിവ

കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതോടെ പൊതുജനങ്ങൾക്ക് കിട്ടുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ഇടപാടുകളിൽ ഉള്ള കാലതാമസം ഒഴിവാക്കാനും സാധിക്കും. ഇതിലേയ്ക്കായി ഈ ബജറ്റിൽ 3 കോടി രൂപ ഞാൻ വകയിരുത്തുന്നു.

199. എം.ജി.പി. സേവന പ്രദാന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 68 സബ് രജിസ്ട്രാറാഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ അടുത്തവർഷത്തോടെ മെച്ചപ്പെടുത്തുന്നതാണ്.

## ധനകാര്യം

### വാണിജ്യ നികുതി

200. കേരളത്തിൽ 01.04.2005 -ൽ നടപ്പിലാക്കിയ മൂല്യ വർദ്ധിത നികുതി (വാറ്റ്) സംവിധാനം വില്പന നികുതി വ്യവസ്ഥയിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ നികുതി നിർണ്ണയിക്കുന്ന മുൻ സംവിധാനത്തിന് പകരം നികുതിദായകർതന്നെ സ്വയം മാസംതോറും മൂല്യവർദ്ധിത നികുതി നിർണ്ണയിക്കുന്നു എന്നുള്ളതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. പക്ഷേ, മുൻ വർഷത്തെ അപേക്ഷിച്ച് 2005-'06-ൽ 'വാറ്റ് ' ഏർപ്പെടുത്തിയശേഷം നികുതി വരവിൽ കുറവുണ്ടായിട്ടുണ്ട്. ഈ നഷ്ടത്തിന്റെ 100 ശതമാനവും കേന്ദ്ര സർക്കാർ നികത്തിയ വകയിൽ 450 കോടി രൂപയിലേറെ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ, 'വാറ്റ്' ഏർപ്പെടുത്തിയ വകയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 75 ശതമാനം മാത്രമേ 2006-'07-ൽ ലഭിക്കുകയുള്ളു എന്നതിനാൽ പുതിയ നികുതി വ്യവസ്ഥ സുസ്ഥിരമാക്കേണ്ടതുണ്ട്. അതിനുവേണ്ടി നികുതി വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണം ത്വരിതപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും വകുപ്പാഫീസുകളും ചെക്ക് പോസ്റ്റുകളും 'നെറ്റ് വർക്ക് ' ചെയ്യുന്നതിനും ഓരോ മാസത്തിലും നികുതിദായകർ നൽകുന്ന 70,000 നികുതി നിർണ്ണയങ്ങൾ 'ഡാറ്റാ എൻട്രി' നടത്തുന്നതിനും 10 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**201**. ഉദ്യോഗസ്ഥർക്ക് നികുതിദായകരുമായി ഇടപെടുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കേണ്ടത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമാണ്. ചെക്ക് പോസ്റ്റുകളിൽ ചരക്ക് വണ്ടികൾ 'ഗാമാ സ്കാനിംഗിന്' വിധേയമാക്കുന്നതുപോലുള്ള പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിലൂടെ നികുതിദായകർക്ക് പ്രവേശന നികുതി എളുപ്പത്തിൽ അടയ്ക്കുന്നതിനുതകുംവിധം ആധുനിക സംവിധാനങ്ങൾ അനിവാര്യമാണ്. നികുതി. എക്സൈസ്, മോട്ടോർവാഹനം, വനം മുതലായ വകുപ്പുകൾ സംയോജിതമായി ഇത്തരം ആധുനിക ചെക്ക് പോസ്റ്റുകൾ നടത്തുന്നതിന് 5 കോടി രൂപ മാറ്റി വയ്ക്കുന്നു.

**202.** രഹസ്യവിവരശേഖരണം, നിരീക്ഷണം, പരിശോധന എന്നിവ ശക്തിപ്പെടുത്തുന്നതാണ്. മൂല്യ വർദ്ധിത നികുതിക്ക് വഴങ്ങുന്ന ഒരു സാഹചര്യമൊരുക്കുവാൻ ഒരു സമ്പൂർണ്ണ പരസ്യ പ്രചാരണം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**203**. കൊല്ലത്തും തൃശ്ശൂരും യഥാക്രമം 5 കോടിയുടെയും 3 കോടി 24 ലക്ഷം രൂപയുടെയും ഓരോ വാണിജ്യനികുതി സമുച്ചയം നിർമ്മിക്കാൻ പരിപാടിയുണ്ട്. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വീതം വകയിരുത്തുന്നു. അമരവിളയിൽ ഒരു കോടി രൂപ എസ്റ്റിമേറ്റുള്ള കൂടുതൽ സൗകര്യപ്രദമായ ഒരു പുതിയ ചെക്ക് പോസ്റ്റ് കെട്ടിടം നിർമ്മിക്കുന്നതിന് ഈ ബജറ്റിൽ 50 ലക്ഷം രൂപ നൽകുന്നതാണ്. മഞ്ചേശ്വരത്ത് 5 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ ചെക്ക് പോസ്റ്റ് കെട്ടിടത്തിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും കൂടി 1 കോടി രൂപ അടുത്ത വർഷത്തെ ബജറ്റിൽ വകയിരുത്തുന്നു.

**എക്സൈസ്**

**204.** എക്സൈസ് അക്കാഡമിയുടെ പൂർത്തീകരണത്തിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനും ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടി 50 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**ട്രഷറി**

**205**. വിവിധ സർക്കാർവകുപ്പുകൾക്കും ജീവനക്കാർക്കും പൊതുജനങ്ങൾക്കും കൂടുതൽ പ്രയോജനകരമായ വിധത്തിൽ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനുതകും വിധം സംസ്ഥാനത്തെ ട്രഷറികളെ സജ്ജമാക്കിവരികയാണ്. ട്രഷറി വകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇതിനകം തന്നെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. എല്ലാ ട്രഷറികളിലെയും എല്ലാ ഇടപാടുകളുടെയും വിശദവിവരം അന്നന്നുതന്നെ ട്രഷറി ഡയറക്ടറേറ്റിൽ പുതുതായി ഏർപ്പെടുത്തിയ 'ഡയൽ അപ്' സംവിധാനത്തിലൂടെ ഇപ്പോൾ ലഭ്യമാണ്. ട്രഷറി വകുപ്പിൽ 'വാൻ' (WAN) സംവിധാനം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി ട്രഷറികളെയും ബാങ്കുകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള 'ലാൻ' (LAN) സംവിധാനം അടുത്തവർഷം പ്രവർത്തനക്ഷമമാക്കുന്നതാണ്. ട്രഷറി കമ്പ്യൂട്ടർവൽക്കരണത്തിനായി അടുത്ത വർഷത്തേയ്ക്ക് ഞാൻ 2 കോടി 64 ലക്ഷം രൂപ വകയിരുത്തുന്നു. കൊപ്പം (പാലക്കാട്), ചേർപ്പ് (തൃശ്ശൂർ), നൂറനാട് (ആലപ്പുഴ), മുക്കം (കോഴിക്കോട്) എന്നീ സ്ഥലങ്ങളിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നതാണ്.

**ലോട്ടറി**

**206**. കേരള പേപ്പർലോട്ടറി 2005 മെയ് മാസത്തിൽ പുനരാരംഭിച്ചതിനുശേഷം റവന്യൂ വരുമാനത്തിൽ വമ്പിച്ച വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഈ മുന്നേറ്റം നിലനിർത്താൻ ലോട്ടറി വകുപ്പിന്റെ രണ്ടാം ഘട്ട കമ്പ്യൂട്ടർവൽക്കരണത്തിന് 50 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**<u>വിനോദ സഞ്ചാരം</u>**

**207**. കേരളം രാജ്യത്തെ ഏറ്റവും ആകർഷകമായ വിനോദ സഞ്ചാരകേന്ദ്രമായി തുടരുന്നു. അടുത്ത ദശകത്തോടെ കേരളം വിനോദ സഞ്ചാരമേഖലയിൽ 11.6 ശതമാനം വളർച്ച നേടുമെന്ന് വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിലിന്റെ റിപ്പോർട്ട് പ്രവചിക്കുന്നു. ഇത് ലോകത്തിലെ ഏറ്റവും ഉയർന്ന വളർച്ചാനിരക്കാണ്. സംസ്ഥാനത്തെ ആരോഗ്യ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്തുകൊണ്ട് 2006-'07 'മെഡിക്കൽ ടൂറിസം'

വർഷമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നു. **'മിഷൻസ് ഫോർ പ്രോസ്പെരിറ്റി'** യിൽ ആദ്യം നടപ്പാക്കേണ്ട പദ്ധതി വിനോദസഞ്ചാരമാണെന്ന ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദ്ദേശം 2006-07-ൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കരുതുന്നു.

**208.** മൺസൂൺ ടൂറിസം, പിൽഗ്രിം ടൂറിസം, അഡ്വെഞ്ചർ ടൂറിസം, ഫാം ടൂറിസം എന്നീ പുതിയ വിനോദ സഞ്ചാര മേഖലകൾ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഉൾനാടൻ പ്രദേശങ്ങളിൽ വിനോദസഞ്ചാരത്തിന്റെ പ്രയോജനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി 'എന്റെ ഗ്രാമം വിനോദസഞ്ചാര സൗഹൃദ ഗ്രാമം' എന്ന ഒരു നൂതന പദ്ധതി നടപ്പിലാക്കും. വിനോദസഞ്ചാര വകുപ്പിന്റെ ഇത്തരം പദ്ധതികൾക്കായി 21 കോടി 71 ലക്ഷം രൂപയും സംസ്കാരം, പരിസ്ഥിതി, പൈതൃകം എന്നിവ കാത്തുസൂക്ഷിക്കുന്നതിനായി 6 കോടി 50 ലക്ഷം രൂപയും വിനോദസഞ്ചാര മേഖലയിലെ വിപണന പ്രവർത്തനങ്ങൾക്കുവേണ്ടി 11 കോടി രൂപയും വകയിരുത്തുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. മലബാറിന്റെ സാംസ്കാരിക പൈതൃകം പ്രകടമാക്കാൻ ഒരു സാംസ്കാരിക ഗ്രാമം കണ്ണൂരിലെ മാട്ടായിൽ വികസിപ്പിച്ചെടുക്കുന്നതായിരിയ്ക്കും. ഓരോ ജില്ലകളുടെയും മഹത്തായ സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കാൻ ജില്ലാടിസ്ഥാനത്തിൽ ഒരു വിനോദസഞ്ചാര മഹോത്സവം നടത്തും. സാമൂഹ്യപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി വിനോദസഞ്ചാരം പ്രധാന വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു. വിനോദസഞ്ചാരമേഖലയിൽ സ്വകാര്യ മുതൽമുടക്കിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കും. മലബാറിലെ വിനോദസഞ്ചാര മുതൽമുടക്കിന് പ്രത്യേക പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിയ്ക്കും.

**209.** അടിസ്ഥാന സൗകര്യവും വിനോദസഞ്ചാര ഉൽപ്പന്നങ്ങളും സ്വകാര്യമേഖലയിൽ സൃഷ്ടിക്കുന്നത് പ്രോൽസാഹിപ്പിക്കുവാൻ 4 കോടി രൂപ നീക്കിവയ്ക്കുന്നു.

210. സൗന്ദര്യവൽക്കരിക്കപ്പെട്ട ആലപ്പുഴ കനാലുകളുടെ ഭാവി നിലനിൽപ് ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ടൂറിസം മന്ത്രി ചെയർമാനായി ഒരു കനാൽ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുന്നതാണ്.

## ഭാഗം – ബി.

സർ,

211 ഇനി ഞാൻ നികുതി നിർദ്ദേശങ്ങളിലേയ്ക്ക് വരാം.

212. സർ, 01.04.2005 മുതൽ കേരളത്തിൽ മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കി വരികയാണെന്ന് നമുക്കെല്ലാം അറിയാം. ഈ സമ്പ്രദായം സ്ഥിരത കൈവരിക്കാൻ സമയമെടുക്കും. അതിനാൽ രണ്ടു മൂന്നു വർഷത്തേയ്ക്ക് നികുതി നിരക്കുകളിൽ വ്യതിയാനം വരുത്തരുതെന്ന് ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതി ശുപാർശ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ വർഷം പുതിയ നികുതികളൊന്നും ചുമത്താൻ ഞാനുദ്ദേശിക്കുന്നില്ല. എന്നാൽ വാറ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ താൽപര്യം സംരക്ഷിക്കുന്നതിനും അവ്യക്തതകൾ മാറ്റുന്നതിനുമായുള്ള ചില ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു.

213. ആദ്യമായി 2003-ലെ കേരളാ മൂല്യവർദ്ധിത നികുതി നിയമമെടുക്കാം. കേരളാ പൊതുവിൽപ്പന നികുതിയിൽ നിന്ന് 'വാറ്റി'ലേയ്ക്ക് മാറിയ അവസരത്തിൽ പല നികുതിദായകർക്കും അധികമായി അടച്ച തുക സർക്കാരിൽ നിന്നും തിരികെ ലഭിക്കാനുണ്ടായിരുന്നു. ഇങ്ങനെ പൊതുവിൽപ്പന നികുതി നിയമപ്രകാരം നികുതിദായകർക്ക് തിരികെ ലഭിക്കാനുള്ളതുക 2003-ലെ മൂല്യവർദ്ധിത നികുതി നിയമ പ്രകാരം അടയ്ക്കാനുള്ള തുകയിലേയ്ക്ക് വരവ് വയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു.

214. വ്യാപാരികളിൽ നിന്ന് പല കാര്യത്തിനും നികുതി വകുപ്പുദ്യോഗസ്ഥന്മാർ ജാമ്യസംഖ്യ ഈടാക്കാറുണ്ട്. ഇങ്ങനെ മൂല്യവർദ്ധിത

നികുതി നിയമം 47-ാം വകുപ്പനുസരിച്ച് നൽകുന്ന ജാമ്യസംഖ്യയുടെ തിരിച്ചടവും പ്രസതുത നിയമത്തിൻെറ 89-ാം വകുപ്പിൻെറ പരിധിയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നു.

**215.** നികുതിവെട്ടിപ്പ് സാധ്യത കൂടുതലുള്ള ചരക്കുകളിന്മേൽ മുൻകൂർ നികുതി വാങ്ങുന്നതിന് 1963-ലെ കേരളാ പൊതുവിൽപ്പന നികുതി നിയമത്തിലേതിന് സമാനമായൊരു വ്യവസ്ഥ 2003-ലെ കേരളാ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു.

**216.** മൂല്യവർദ്ധിത നികുതി നിയമപ്രകാരം വ്യാപാരികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് ഞാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. പൂർത്തിയാക്കിയ അപേക്ഷ ലഭിച്ചു ഒരാഴ്ച്ചയ്ക്കകം രജിസ്ട്രേഷൻ നൽകുന്നത് ഉറപ്പാക്കുന്നവിധം നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതാണ്.

**217.** അനുമാനനികുതി തെരഞ്ഞെടുക്കുന്ന വ്യാപാരികളുടെ വിറ്റുവരവ് പത്തുലക്ഷം രൂപയിൽ താഴെയാണെങ്കിൽ അവർക്ക് നികുതി ബാധ്യത യുണ്ടാകുമോ എന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. ഈ അവ്യക്തത മാറ്റുന്നതിനായി അനുമാനനികുതി തെരഞ്ഞെടുക്കുന്ന വ്യാപാരികളുടെ വാർഷിക വിറ്റുവരവ് പത്തു ലക്ഷമോ അതിലധികമോ ആണെങ്കിൽ മാത്രമേ 6(5) വകുപ്പ് അനുസരിച്ച് നികുതി ബാധ്യതയുണ്ടാകൂ എന്ന് വ്യക്തമാക്കാനുദ്ദേശിക്കുന്നു.

**218.** പത്തു ലക്ഷംരൂപവരെ വാർഷികവിറ്റുവരവുള്ള വ്യാപാരികൾക്ക് നികുതിയൊഴിവ് അനുവദിച്ചിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ 15-ാം വകുപ്പിലുള്ള അവ്യക്തത മാറ്റുന്നതിന് വേണ്ട ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു.

**219.** ഡ്യൂട്ടി എൻടൈറ്റിൽമെൻ്റ് പാസ്ബുക്ക് സ്കീം, സമാനമായ മറ്റു ലൈസൻസുകൾ എന്നിവ വാങ്ങുന്നതിന് നൽകുന്ന നികുതിയ്ക്ക് ഇൻപുട്ട്

ടാക്സ് ക്രഡിറ്റ്, റീഫണ്ട് ഇവ അനുവദിക്കുന്നതിന് യഥാക്രമം 11-ാം വകുപ്പിലും 13-ാം വകുപ്പിലും വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ്.

**220.** കരാർ പണിക്കാർക്ക്, അവരുടെ ഇഷ്ടാനുസരണം, ചില കരാർ പണികൾക്ക് നികുതി കോമ്പൗണ്ട് ചെയ്യുന്നതിനും മറ്റു ചിലതിന് വാറ്റ് അടയ്ക്കുന്നതിനും വ്യവസ്ഥയുണ്ട്. വാറ്റ് അടയ്ക്കുന്ന കരാർ പണികൾക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് അനുവദിക്കേണ്ടതുണ്ട്. ഇതിനായി 11-ാം വകുപ്പിൽ വേണ്ട ഭേദഗതി വരുത്താനുദ്ദേശിക്കുന്നു.

**221.** ഡെലിവറി വാഹനം മുതലായ മൂലധന ആസ്തികളിൻമേൽ ഉൽപാദകരല്ലാത്ത വ്യാപാരികൾക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് അനുവദിക്കുന്ന കാര്യത്തിലുള്ള അവ്യക്തത മാറ്റുന്നതിന് 11(1) വകുപ്പിൽ വ്യക്തമായ വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്.

**222.** കൂടാതെ നെഗറ്റീവ് ലിസ്റ്റിലുള്ള മൂലധന ആസ്തികളിന്മേൽ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നിരസിക്കുന്നതിന് 11-ാം വകുപ്പിലും മൂലധന ആസ്തിയുടെ നിർവചനത്തിലും വേണ്ട ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു.

**223.** സ്വർണ്ണാഭരണങ്ങളിന്മേലുള്ള നികുതി നിരക്കിൽ 01.04.2005 മുതൽ കാര്യമായ കുറവ് ചെയ്തിരുന്നു. നിർഭാഗ്യവശാൽ വ്യാപാരികൾ വിറ്റുവരവിൽ മതിയായ വർദ്ധന കാട്ടി ഇതിനോട് ഉചിതമായി പ്രതികരിക്കാതിരുന്നതുമൂലം നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. ഇതു കണക്കിലെടുത്ത് ഒന്നാംപട്ടികയിലെ ചരക്കുകളുടെ കാര്യത്തിലെന്നപോലെ ആഭരണ നിർമ്മാണത്തിനുള്ള സ്വർണ്ണക്കട്ടികളുടെയും പഴയ ആഭരണങ്ങളുടെയും ഇൻപുട്ട് ടാക്സ് ക്രഡിറ്റും സ്പെഷ്യൽ റിബേറ്റും നിരസിക്കുന്നതിന് 11-ാം വകുപ്പിലും 12-ാം വകുപ്പിലും വേണ്ട ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു. എന്നിരുന്നാലും അവർക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായ പ്രകാരം നികുതിയടയ്ക്കാൻ അവസരം നൽകുന്നതാണ്. 2004-'05 വർഷത്തിൽ അടച്ച നികുതിയുടെ 115% ആയിരിക്കും കോമ്പൗണ്ടിംഗ് സമ്പ്രദായ പ്രകാരം അടയ്ക്കേണ്ട നികുതി.

224. മരുന്നിന് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഉൽപാദകർക്കും ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് കേരളത്തിലെ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്കു ലഭിക്കുന്നില്ല. ഇതിനായി കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ വരുന്ന, സംസ്ഥാനത്തെ മരുന്നു നിർമ്മാതാക്കൾക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് അനുവദിക്കുന്നതിന് വേണ്ട ഭേദഗതികൾ നിയമത്തിൽ വരുത്തുന്നതാണ്.

225. സന്ദർശകരെ ആകർഷിക്കുകയും സാമ്പത്തിക പ്രക്രിയയിൽ കാര്യമായ സംഭാവന നൽകുകയും ചെയ്യുന്ന ടൂറിസം മേഖല കേരളത്തിന് അഭിമാനിക്കാൻ വക നൽകുന്നു. ഈ മേഖലയ്ക്ക് ചില ഇളവുകൾ പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. 2003-ലെ മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1) വകുപ്പ് പ്രകാരം നികുതി ബാധ്യതയുള്ള ബാർഹോട്ടലുകളൊഴിച്ചുള്ള ഹോട്ടലുകളുടെ അമ്പതുലക്ഷം രൂപവരെയുള്ള വിറ്റുവരവിന് 1963-ലെ കേരളാ പൊതു വില്പന നികുതി നിയമത്തിലെപ്പോലെ നികുതിയിൽ നിന്നൊഴി വാക്കുന്നതാണ്. കൂടാതെ അത്തരം ഹോട്ടലുകളുടെ പാകം ചെയ്ത ഭക്ഷണം ഒഴിച്ചുള്ളവയുടെ വില്പന ആദ്യഘട്ടത്തിലല്ലാത്ത പക്ഷം അവരുടെ മൊത്തം വിറ്റുവരവിനും കോമ്പൗണ്ടിംഗ് സമ്പ്രദായം ബാധകമാക്കാനുദ്ദേശിക്കുന്നു.

226. ത്രീസ്റ്റാറോ അതിനുമുകളിലോ വരുന്ന ഹോട്ടലുകളോ ക്ലബ്ബുകളോ ഹെറിറ്റേജ് ഹോട്ടലുകളോ അല്ലാത്ത ഹോട്ടലുകൾ കോമ്പൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് നൽകേണ്ട നികുതിയിൽ ഭേദഗതി വരുത്താനു ദ്ദേശിക്കുന്നു. പാകം ചെയ്ത ഭക്ഷണത്തിന്റെയും പാനീയങ്ങളുടെയും മേൽ തിട്ടപ്പെടുത്തിയ നികുതി കഴിഞ്ഞ മൂന്നു വർഷത്തിൽ ഏറ്റവും കൂടുതൽ നിശ്ചയിക്കപ്പെട്ടത് ഏത് വർഷമാണോ ആ വർഷത്തെ നികുതിയുടെ 115% ആയിരിക്കും. 6(2) പ്രകാരമുള്ള നികുതിയടയ്ക്കണമെന്നുള്ള വ്യവസ്ഥയ്ക്ക് വിധേയമായിരിക്കുമിത്.

227. ബഹുമാനപ്പെട്ട അംഗങ്ങളുടെ നിരന്തരമുള്ള അഭ്യർത്ഥനമാനിച്ച് എം.പി. ഫണ്ട് സ്കീം, എം.എൽ.എ. ഫണ്ട് സ്കീം എന്നിവയിൻ കീഴിൽ വരുന്ന കരാർ പണികളെ പരിധിയില്ലാതെ നികുതിയിൽ നിന്നൊഴിവാക്കുന്നു.

**228.** 1963-ലെ കേരളാ പൊതുവില്പന നികുതി നിയമത്തിലും ചില ഭേദഗതികളാവശ്യമാണ്. അവ ഇനി പറയുന്നു.

**229.** കയറ്റുമതിക്കായി തേയില ബ്രോക്കർമാർ വഴി വിൽക്കുന്ന തേയിലയ്ക്ക് വിജ്ഞാപന പ്രകാരം നികുതിയൊഴിവ് ലഭിക്കുന്നതിന് കയറ്റുമതി ക്കാരിൽനിന്ന് വാങ്ങി ഹാജരാക്കേണ്ട രേഖകൾ തേയില ബ്രോക്കർമാർ നേരിട്ട് വാങ്ങി കൈവശം വയ്ക്കുന്നതുമൂലം തേയിലത്തോട്ടങ്ങൾക്ക് വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾ പാലിക്കാൻ സാധിക്കാതെ വരുന്നു. ഈ ബുദ്ധിമുട്ടൊഴിവാക്കുന്നതിന് തേയില ബ്രോക്കർമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തേയിലത്തോട്ടങ്ങൾക്ക് 2002 മാർച്ച് വരെ നികുതിയൊഴിവനുവദിച്ചിരുന്നു. 01.04.2002 മുതൽ 31.03.2005 വരെയുള്ള കാലയളവിലും ഇതേ പ്രശ്നങ്ങൾ നിലനിന്നിരുന്നതിനാൽ മുൻകാലത്തു നൽകിയ ആനുകൂല്യം ശേഷിക്കുന്ന കാലയളവിനുകൂടി ബാധകമാക്കി തേയില മേലക്കാരും ബ്രോക്കർമാരും നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നികുതിയൊഴിവ് അനുവദിക്കാനുദ്ദേശിക്കുന്നു.

**230.** അരിയുണ്ടാക്കാൻ വാങ്ങുന്ന നെല്ലിന്മേൽ ഈടാക്കുന്ന നികുതി അരിയുടെ നികുതിയിൽ നിന്ന് കുറച്ചിളവു ചെയ്യണമെന്ന് വില്പന നികുതി നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ വ്യവസായ നയത്തിന്റെ ഭാഗമായി നികുതിയൊഴിവ് ലഭിച്ചിരുന്ന സംസ്ഥാനത്തെ അരിമില്ലുകൾക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഈ ആനുകൂല്യം അനുവദിക്കാ ത്തതുമൂലം പ്രസ്തുത നിയമത്തിന്റെ 5(എ) വകുപ്പനുസരിച്ചുള്ള നികുതി അടയ്ക്കേണ്ട ബാധ്യത വന്നു ചേർന്നു. എന്നാൽ അത്തരം യൂണിറ്റുകൾക്ക് 'സെറ്റോഫ്' നിരസിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടായിരുന്നില്ല. അതിനാൽ ആ വിഭാഗത്തിൽപ്പെടുന്ന അരിമില്ലുകളെ 1963-ലെ വില്പന നികുതി നിയമത്തിന്റെ 5(എ) വകുപ്പ് പ്രകാരമുള്ള നികുതി നൽകുന്നതിൽ നിന്നൊഴിവാക്കാൻ ഉദ്ദേശിക്കുന്നു.

**231.** വില്പനനികുതി നിയമത്തിൻ കീഴിൽ 31.03.2002 വരെയുള്ള കാലത്തെ അസസ്സ്മെന്റുകൾ തീർക്കുന്നതിനുള്ള സമയ പരിധി 31.03.2007 വരെ ദീർഘിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. അതുപോലെ പ്രസ്തുത നിയമപ്രകാരം

31.03.2006–ൽ തീർപ്പാക്കാൻ ബാക്കിയുള്ള റിമാൻഡ് അസസ്സ്മെന്റുകളും പരിഷ്ക്കരിച്ച അസസ്സ്മെന്റുകളും തീർപ്പാക്കാനുള്ള സമയപരിധി 31.03.2007 വരെ ദീർഘിപ്പിക്കേണ്ടിയിരിക്കുന്നു. അതിനായി 17–ാം വകുപ്പിൽ വേണ്ട ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു

**232.** 1963–ലെ കേരളാ പൊതുവില്പന നികുതി നിയമം, 1976–ലെ കേരളാ ആഡംബര നികുതി നിയമം, 2003–ലെ മൂല്യവർദ്ധിത നികുതി നിയമം എന്നിവയിലെ ചട്ടനിർമ്മാണാധികാരം മുൻകാല പ്രാബല്യത്തിൽ ചട്ടങ്ങളുണ്ടാക്കുന്നതിനെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്നില്ല. ഇത് പലപ്പോഴും നിയമ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതിനാൽ മുൻകാല പ്രാബല്യത്തിൽ ചട്ടങ്ങൾ നിർമ്മിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത നിയമങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

**233.** പ്രവേശന നികുതി ചെക്ക്പോസ്റ്റുകളിൽ അടയ്ക്കുന്നതിന് പകരം വ്യാപാരിയുടെ അസസ്സ്മെന്റ് ആഫീസുകളിൽ മുൻകൂറായി അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു

**234.** നാളികേരത്തിനും കൊപ്രയ്ക്കും പ്രവേശന നികുതി ഏർപ്പെടുത്തണമെന്ന് നിരന്തരമായി നിവേദനം ലഭിച്ചുവരുന്നു. നാളികേരത്തിനും കൊപ്രയ്ക്കും 4% പ്രവേശന നികുതി ഏർപ്പെടുത്തിക്കൊണ്ട് നാളികേര കർഷകരോട് ഈ സർക്കാരിനുള്ള പ്രതിബദ്ധത ആവർത്തിച്ചുറപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

**235.** വൻകിട ഉപഭോക്താക്കൾ സംസ്ഥാനത്തിന് പുറത്തുനിന്ന് പൈപ്പുകൾ നേരിട്ട് വാങ്ങുന്നതുമൂലം സംസ്ഥാനത്തിനു വമ്പിച്ച നികുതി നഷ്ടം ഉണ്ടാകുന്നു. അതിനാൽ പ്ളാസ്റ്റിക്–പി.വി.സി പൈപ്പുകൾക്കും ഫിറ്റിംഗുകൾക്കും 4% പ്രവേശന നികുതി ഏർപ്പെടുത്താനുദ്ദേശിക്കുന്നു.

**236.** കേരളാ കാർഷികാദായ നികുതി നിയമപ്രകാരം നികുതിദായകർക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം തെരഞ്ഞെടുക്കാനവകാശമുണ്ടെന്നുള്ള കാര്യം

ഈ സഭ ഓർക്കുമല്ലോ. അപ്രകാരം വിസ്തൃതിയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് തെരഞ്ഞെടുക്കുമ്പോൾ കാർഷികോൽപന്നത്തിന്റെ മുൻവർഷത്തെ നീക്കിയിരിപ്പിന്മേലുള്ള നികുതി നഷ്ടപ്പെടുന്നു. ഇതൊഴിവാക്കാനായി കോമ്പൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനു തൊട്ടുമുമ്പുള്ള നീക്കിയിരിപ്പ് ചരക്കിന് ആ വർഷം തന്നെ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ പ്രസ്തുത നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നു.

237. കാർഷികമേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കമ്പനികൾ ഒഴികെയുള്ള എല്ലാ കാർഷികാദായ നികുതിദായകരെയും നികുതിയിൽ നിന്നൊഴിവാക്കുന്നു.

238. ഓൺലൈൻ ലോട്ടറികളെ തുടച്ചു നീക്കുന്നതിനും പേപ്പർ ലോട്ടറികൾ നികുതിയടച്ച് മാന്യമായ രീതിയിൽ നടത്തുമെന്നുറപ്പ് വരുത്തുന്നതിനും ഈ സർക്കാർ പ്രതിബദ്ധമാണ്. നാം എടുത്ത കർശന നിലപാടിന്റെ ഫലമായി ലോട്ടറിയിൽ നിന്നുള്ള നികുതി വരുമാനം കഴിഞ്ഞ വർഷം നവംബർ വരെ 1 കോടി 45 ലക്ഷം രൂപ എന്നതിന് പകരം 2005 നവംബർ 30 വരെ 29 കോടി രൂപയായി ഉയർന്നു. രജിസ്ട്രേഷൻ ഇല്ലാതെയും നികുതി അടയ്ക്കാതെയും ലോട്ടറി ടിക്കറ്റ് വാഹനങ്ങളിൽ കൊണ്ടുപോകുന്നത് 5 വർഷം വരെ ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റമാക്കുന്നതിനും കുറ്റങ്ങൾ കണ്ടുപിടിച്ച് നടപടി എടുക്കുന്നതിന് സബ് ഇൻസ്പെക്ടറിൽ താഴെയല്ലാത്ത പോലീസുദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിനും വേണ്ടി 2005-ലെ കേരളാ പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു.

239. ഹൗസ് ബോട്ടുകളിന്മേലുള്ള ആഡംബര നികുതി നിരക്ക് പത്ത് ശതമാനമായി ഉയർത്തിയ കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ ഓർക്കുമല്ലോ. കേരളത്തിന്റെ ഹൗസ് ബോട്ടുകൾ ഇന്നു ലോകപ്രസിദ്ധമാണ്. വളർന്നു വരുന്ന ഈ വ്യവസായത്തെ നാം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പ്രോത്സാഹനമായി ഹൗസ് ബോട്ടുകളുടെ ആഡംബര നികുതിക്ക്

ഇനിപ്പറയുന്ന നിരക്കിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നു.

| ഇനം | കോമ്പൗണ്ടിംഗ് തുക (പ്രതിവർഷം) |
|---|---|
| ഒരു കിടപ്പുമുറി (നോൺ എ.സി.) | 20000 രൂപ |
| രണ്ടോ അതിലധികമോ കിടപ്പുമുറികൾ (നോൺ എ.സി.) | 30000 രൂപ |
| ഒരു കിടപ്പുമുറി (എ സി) | 35000 രൂപ |
| രണ്ടോ അതിലധികമോ കിടപ്പുമുറികൾ (എ സി) | 50000 രൂപ |

**240**. അതുപോലെ 1976–ലെ ആഡംബര നികുതി നിയമപ്രകാരം നികുതി ബാധ്യത വരുന്നതിനുള്ള കുറഞ്ഞ വാടക മുറിക്ക് 75 രൂപയെന്നത് 200 രൂപയായി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു.

**241**. ഈ മാറിയ കാലഘട്ടത്തിൽ കുടുംബ മൂല്യങ്ങളെയും കുടുംബ ബന്ധങ്ങളെയും നമ്മൾ പോറ്റി വളർത്തേണ്ടതുണ്ട്. ഇത് മുന്നിൽക്കണ്ട് 1959–ലെ കേരളാ സ്റ്റാമ്പ് നിയമപ്രകാരം കുടുംബങ്ങളിലെ ഭാഗപത്രങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയായി കുറച്ച് ജനങ്ങൾക്ക് കാര്യമായ ഇളവനുവദിക്കാൻ ഞാനുദ്ദേശിക്കുന്നു.

## ഭാഗം – സി.

**242**. നടപ്പുവർഷാവസാനം 5171.39 കോടി രൂപയുടെ ധനകമ്മിയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും റവന്യൂ ചെലവുകളിൽ 393.96 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാകുന്നതിനാൽ ഇത് വർഷാന്ത്യം 701.14 കോടി രൂപ വർദ്ധിച്ച് 5872.53 കോടിയിൽ എത്തുമെന്ന് കണക്കാക്കുന്നു. നടപ്പുവർഷം പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മി 4072.28 കോടി രൂപ ആയിരുന്നെങ്കിലും ഇത് 4493.75 കോടി രൂപയായി ഉയരുമെന്നും കണക്കാക്കുന്നു. പദ്ധതി ചെലവിൽ 109.31 കോടി രൂപയുടെയും മൂലധന ചെലവിൽ 272.52 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർത്തതും സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ചതും,

കരാറുകാർക്കുള്ള തുകകൾ നൽകിയതും, പദ്ധതി ചെലവിൽ വരാവുന്ന വർദ്ധനയും മൂലമാണ് പ്രധാനമായും റവന്യൂ കമ്മിയിലും ധനകമ്മിയിലും വർദ്ധനവ് ഉണ്ടാവുന്നത്. ധനകമ്മിയിൽ 701.14 കോടി രൂപയുടെ വർദ്ധനവുണ്ടാകുമെങ്കിലും ആകെ കടബാധ്യത സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 43.31 ശതമാനമായിരുന്നത് 42.81 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പുവർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ എസ്റ്റിമേറ്റ് 2005–'06 (രൂപ കോടിയിൽ) |
|---|---|
| റവന്യൂ വരവ് | 16596.46 |
| റവന്യൂ ചെലവ് | 21090.21 |
| റവന്യൂ കമ്മി | -4493.75 |
| മൂലധന ചെലവ് | 803.65 |
| വായ്പകളും മുൻകൂറുകളും (തനി) | -575.12 |
| പൊതുകടം (തനി) | 5120.05 |
| പൊതുകണക്ക് (തനി) | 506.40 |
| ആകെ കമ്മി | -246.07 |
| മുൻ വർഷ കമ്മി | -235.25 |
| വർഷാന്ത്യ കമ്മി | -481.32 |

**243.** 2006-'07-ലെ റവന്യൂ കമ്മി 4731.70 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. ഇതു പ്രധാനമായും ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ശമ്പളത്തിലും പെൻഷനിലും ഉണ്ടാകുന്ന വർദ്ധനവിനാലും പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്കുള്ള വിഹിതം നൽകുന്നതിനാലും പലിശയിനത്തിലുള്ള ചെലവിന്റെ വർദ്ധനവിനാലുമാണ്.

**244.** 01.04.2005 മുതൽ വാറ്റ് നടപ്പാക്കിയതിനാൽ റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ ഈ കുറവ് കേന്ദ്ര സർക്കാർ നികത്തുന്നതാണ്. 2006-'07-ലെ ധനകമ്മി 6834.55 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. മൂലധന ചെലവിൽ നടപ്പുവർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിന്റെ 52 ശതമാനം വരുന്ന 749.80 കോടി രൂപയുടെ

വർദ്ധനവുണ്ടാകുന്നതും റവന്യൂ കമ്മിയിൽ വന്ന വർദ്ധനവും മൂലമാണ് ധനകമ്മി ഇപ്രകാരം ഉയരുന്നത്. എന്നാൽ ഉയർന്ന മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ ശതമാനമായി കണക്കാക്കുമ്പോൾ ധനകമ്മിയിൽ നേരിയ വർദ്ധനവേ ഉണ്ടാകൂ.

**245.** ധനപരമായ ഉത്തരവാദിത്തനിയമം നടപ്പാക്കുക വഴി കൈവരിച്ച സാമ്പത്തിക അച്ചടക്കവും മറ്റു പരിഷ്കരണ നടപടികളും സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് വരും വർഷങ്ങളിൽ ശരിയായ പന്ഥാവിൽ കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**246.** 2006-'07-ലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് 2006-'07 (രൂപ കോടിയിൽ) |
|---|---|
| റവന്യൂ വരവ് | 18287.24 |
| റവന്യൂ ചെലവ് | 23018.94 |
| റവന്യൂ കമ്മി | -4731.70 |
| മൂലധന ചെലവ് | 1412.24 |
| വായ്പകളും മുൻകൂറുകളും (തനി) | -690.60 |
| പൊതുകടം (തനി) | 5678.69 |
| പൊതുകണക്ക് (തനി) | 1043.89 |
| ആകെ കമ്മി | -111.96 |
| മുൻ വർഷ കമ്മി | -481.32 |
| പ്രഖ്യാപിച്ച പുതിയ ചെലവുകൾ | 195.89 |
| പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം | 17.34 |
| വർഷാന്ത്യ കമ്മി | -771.83 |

സർ,

**247.** ഈ നിയമസഭയിലെ അവസാനത്തെ ബജറ്റ് ഞാൻ അവതരിപ്പിച്ചുകഴിഞ്ഞു. നമ്മുടെ കൊച്ചു കേരളത്തെ സാമ്പത്തികമായി ഉയരങ്ങളിലേയ്ക്ക് നയിക്കുവാനും നമ്മുടെ ജനതയെ അഭിവൃദ്ധിയിലേയ്ക്ക്

ഉയർത്തുവാനും ഉതകുന്ന ഒരു സുദൃഢ ബജറ്റാണ് ഇത് എന്ന് ഞാൻ കരുതുന്നു.

**248**. പ്രശസ്തനായ നമ്മുടെ മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി ആരംഭിച്ചുവച്ച സാമ്പത്തിക നയങ്ങളും വികസന പ്രക്രിയകളും തുടരുക മാത്രമാണ് തന്റെ സമർത്ഥനായ പിൻഗാമി ശ്രീ. ഉമ്മൻചാണ്ടി ക്രിയാത്മകമായ ദീർഘവീക്ഷണത്തോടെ അതിവേഗം ചെയ്തുവരുന്നത്. അതുതന്നെയാണ് ഈ ബജറ്റിലൂടെ തുടരുവാൻ ഞാനും ശ്രമിച്ചിട്ടുള്ളത്. കാർഷികമേഖലയ്ക്കും പരമ്പരാഗത മേഖലകൾക്കും തൊഴിൽ സാദ്ധ്യതയേറെയുള്ള വികസനത്തിനും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമാണ് ഇതിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. അപ്രതീക്ഷിതമായ സംഭവവികാസങ്ങൾ ഒന്നും ഉണ്ടായില്ലെങ്കിൽ ഈ ബജറ്റും ഒരു വിജയമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

സർ,

**249**. എനിക്ക് വിടപറയാൻ സമയമായി. കഴിഞ്ഞ പ്രസംഗത്തിൽ അങ്ങിരിക്കുന്ന ആ കസേരയുമായുള്ള എന്റെ വൈകാരിക ബന്ധത്തെക്കുറിച്ചു ഞാൻ സൂചിപ്പിച്ചു. ഇന്ന്, ജനാധിപത്യത്തിന്റെ പ്രതീകമായ ഈ സൗധവുമായും ഈ മഹനീയ സഭയിലെ ഓരോ അംഗങ്ങളുമായും എനിക്കുള്ള വൈകാരിക ബന്ധം അല്പം ഗതകാല സുഖസ്മരണകളോടെ ഞാൻ എടുത്തു പറഞ്ഞുകൊള്ളട്ടെ. എന്റെ രാഷ്ട്രീയ ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ 1970 മുതൽ ഇങ്ങോട്ടുള്ള സഭകളെയും അതിലെ അംഗങ്ങളായിരുന്ന പ്രഗൽഭരായ എന്റെ പൂർവ്വികരെയും നിയമസഭാ നേതാക്കളെയും ആദരവോടെയും ബഹുമാനത്തോടെയും സ്നേഹത്തോടെയും മാത്രമേ എനിക്ക് ഓർമ്മിക്കുവാൻ കഴിയൂ. രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ എന്നെ പഠിപ്പിച്ചുതരികയും, കൈപിടിച്ച് എന്നെ ഉയർത്തി ഈ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ എളിയ ഒരു പങ്കുവഹിക്കാൻ എനിക്ക് അവസരം തരികയും, അതിന് എന്നെ പ്രാപ്തനാക്കുകയും, എന്റെ ഉയർച്ചയിലും താഴ്ചയിലും എന്നോടൊപ്പം നിന്നിരുന്നവരുമായ വലിയ മനുഷ്യരെ ഞാൻ ഈ അവസരത്തിൽ ആദരവോടെ സ്മരിക്കട്ടെ. മൃദുവായ വൈകാരികതകൾ എന്നിലില്ലെന്ന് വിശ്വസിക്കുന്നവരോടുപോലും, വിശിഷ്യ, എന്റെ മാധ്യമ

സുഹൃത്തുക്കളോടും, ഞാൻ പറയട്ടെ. ഈ സഭയും ഈ സന്ദർഭവും, എന്റെ മനസ്സും ഹൃദയവും നിറച്ചിരിക്കുന്നു. എല്ലാവർക്കും നന്ദി.

സർ,

**250**. 2006–'07 സാമ്പത്തിക വർഷത്തെ ബജറ്റ് ഞാൻ ഈ മഹനീയ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. 2006–'07 ധനകാര്യ വർഷത്തിന്റെ ആദ്യത്തെ നാലുമാസത്തേയ്ക്കുള്ള **വോട്ട് ഓൺ** അക്കൗണ്ട് കൂടി സഭയുടെ മുൻപാകെ ഞാൻ അവതരിപ്പിക്കുന്നു.

**ജയ്ഹിന്ദ്**